# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



ജൂൺ 2022 വാല്യം 61 ലക്കം 6

ആത്മാവിനാൽ പൂരിതരാകുവിൻ.
എഫേസോസ് 5 : 18

# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് നെല്ലിക്കുന്നേൽ

| | | |
|---|---|---|
| ഇടവക | : | കാരക്കുന്നം |
| ജനനം | : | 23/03/1945 |
| തിരുപ്പട്ടം | : | 19/10/1970 |
| മരണം | : | 19/05/2022 |
| മൃതസംസ്കാരം | : | 20/05/2022 (ആരക്കുഴ) |

### സേവനരംഗങ്ങൾ

വാഴക്കുളം, കലയന്താനി, മൂവാറ്റുപുഴ പള്ളികളിൽ അസ്തേന്തി വികാരിയായും കാന്തിപ്പാറ, കോലടി, ഇഞ്ചൂർ, കിളിയാർകണ്ടം, മച്ചിപ്ലാവ്, മന്നാങ്കണ്ടം ഇരുമ്പുപാലം, മാറാടി, പെരുമ്പല്ലൂർ, കദളിക്കാട്, കീരംപാറ, കോടിക്കുളം, ഞാറക്കാട്, കാവക്കാട്, ഏഴല്ലൂർ പള്ളികളിൽ വികാരിയായും സേവനം ചെയ്തു. അതിനിടയിൽ വെല്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് സെന്ററിൽ നിന്ന് കൗൺസലിംഗിൽ ഡിപ്ലോമയും ഫിലിപ്പീൻസ് മനിലയിലെ ഡെ ല സലെ യൂണിവേഴ്സിറ്റിയിൽ നിന്ന് മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. തുടർന്ന് ഏറെക്കാലം രൂപതയുടെ ശ്രേയസ് കൗൺസലിംഗ് സെന്റർ ഡയറക്ടറായും മൈനർ സെമിനാരിയിൽ മനഃശാസ്ത്ര അധ്യാപകനായും ബഹു. അച്ചൻ സേവനമനുഷ്ഠിച്ചു

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ജൂൺ 2022 വാല്യം 61 ലക്കം 6





## ഉള്ളടക്കം


5 കേരളസഭാനവീകരണം – സർക്കുലർ
12 ലോകമാധ്യദിനസന്ദശം
21 രൂപതക്കച്ചേരി
37 മൈനർ സെമിനാരി
39 വിജ്ഞാനഭവൻ
48 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
49 നിർമ്മല സിവിൽ സർവീസ് അക്കാദമി
51 സോഷ്യൽ സർവീസ്
52 ചെറുപുഷ്പ മിഷൻലീഗ്
53 കെ.സി.എസ്. എൽ.
54 ഫാമിലി അപ്പോസ്തലേറ്റ്
55 പിതൃവേദി
56 മാതൃവേദി
56 ഡി.എഫ്.സി.
57 യുവദീപ്തി
60 ജീസസ് യൂത്ത്
60 പ്രാർഥനാഗ്രൂപ്പ്
61 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
63 കേരള ലേബർ മൂവ്മെന്റ്
63 ഇൻഫാം
65 നെസ്റ്റ് പ്രോഗ്രാം
65 തിരുനാൾ മംഗളങ്ങൾ
67 രൂപതാദ്ധ്യക്ഷന്റെ ഡയറി
72 **Bishop’s Engagements**
73 നമ്മുടെ പ്രാർഥനയിൽ ഓർക്കാം
73 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 കേരള സഭാ നവീകരണം – സർക്കുലർ
Page 21 രൂപതാദിനം
Page 21 പ്രാർത്ഥനകളിലെ പുനഃക്രമീകരണങ്ങൾ
Page 44 ലോഗോസ് ക്വിസ്
Page 50 PSC പരിശീലനം


## തിരുനാളുകൾ



**1**
വി. ജസ്റ്റിൻ



**5**
പന്തക്കുസ്താ തിരുനാൾ



**8**
വി. മറിയം ത്രേസ്യാ



**9**
മാർ അപ്രേം



**11**
ബർണബാസ് ശ്ലീഹ



**12**
പരി. ത്രിത്വത്തിന്റെ തിരുനാൾ



**13**
പാദുവായിലെ വി. അന്തോണീസ്



**16**
പരി. കുർബാനയുടെ തിരുനാൾ



**22**
വി. തോമസ് മൂർ
വി. ജോൺ ഫിഷർ




**24**
ഈശോയുടെ തിരുഹൃദയ തിരുനാൾ



**24**
വി. യോഹന്നാൻ മാംദാനയുടെ ജനനം



**25**
മാതാവിന്റെ വിമലഹൃദയം



**28**
വി. ഇരണേവൂസ്



**29**
വി. പത്രോസ്
വി. പൗലോസ്
ശ്ലീഹന്മാർ

Ref: 3710/K-5/KCBC/OL/DS 25.05.2022

# കേരള സഭാനവീകരണം 2022–2025
## കെസിബിസി പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

നമ്മൾ ഇന്ന് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും ഈ തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരു സാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താ

ദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിക്കുന്നത്. ഇതിന്റെ **ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആയിരിക്കും.** 2025 ജൂൺ 8 പെന്തക്കുസ്താ തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

### അനിവാര്യമായ നവീകരണം

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോള സഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

### കേരളസഭാ നവീകരണ മേഖലകൾ

കേരളമെത്രാൻ സമിതിയുടെ മേൽനോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

### 1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന

നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതിക സുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും

രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്തത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തു

വിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാമേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത്

കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamenta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. **രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26-ാംതീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്.** രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതു രൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം,

വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

NB: ഈ സർക്കുലർ **2022 ജൂൺ 5 ഞായറാഴ്ച** കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3711/K-5/KCBC/OL/DS 25.05.2022

# ലോക മാധ്യമദിന സന്ദേശം 2022
# ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഹൃദയംകൊണ്ട് കേൾക്കൂ"*

പ്രിയ സഹോദരീ സഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്ന് കാണുവിൻ'- എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളിലൊന്നുമായ 'ശ്രവിക്കുക', 'കേൾക്കുക' എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗര ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്ക് ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുമുള്ള അറിയിപ്പുകളും വിവരവൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ടതാണെന്ന് തെളിയിക്കുന്നു. മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം" എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞു

കിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം', 'ഞാൻ പറയുന്നത് കേൾക്കണം' എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ ആയ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്ക് പ്രത്യേകിച്ചും.

**ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം**

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാനമായുള്ള ഒരു ബന്ധംകൂടിയാണ് – ഒരു ഹൃദയബന്ധം. "ശ്രവിക്കുക ഇസ്രായേലേ" (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ "വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ" എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽ നിന്നുതന്നെയാണ് ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അത് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ള വരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണ ശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വത്വമായ സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയ വിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിനാലാണ്, സ്രഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകു ന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽനിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കുകയും 'ചെവി കൊട്ടിയടച്ച്' നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽനിന്നും മാറിനിൽക്കുകയും ചെയ്യുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാനലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കന്റെ നേരെ ചെവി കൊട്ടിയടച്ച് അക്രമോൽ സുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയ വിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും നാഥൻ ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മെ സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്. അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്. അവന്റെപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. ''ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ'' (ലൂക്കാ 8:18). വിതക്കാരന്റെ ഉപമ വിവരിച്ചതിനു ശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ – ജീവന്റേയും രക്ഷയുടേയും – അനുഭവിക്കാനും സാധിക്കൂ (cf. ലൂക്കാ 8:15). ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം

എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച്, വെറും "അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി' മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003)).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽ പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജ. 3:9) എന്നായിരുന്നു. വി. ആഗസ്തീനോസ് പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ് വേണ്ടത്" എന്നായിരുന്നു. ആകയാൽ സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് നമ്മൾ ചെയ്യേണ്ടത് നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളെ, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കുന്നത് അല്ല - ഒന്നിച്ച് ഒരുമിച്ച് ജീവിക്കാനുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും ദൈവവുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ-മൗലികരാക്കുന്നത്.

**നല്ല ആശയവിനിമയത്തിനുള്ള ഉപാധി: ശ്രവിക്കുക**

ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്കലാണ്, ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽ

പര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികവുമാകുന്നത്.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പൊതുജീവിതത്തിലെ വർധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനെയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യ പ്രകടനങ്ങളിലോ സഹോദരനെ ഇകഴ്ത്തി കൈയടി വാങ്ങുമ്പോഴോ അല്ല. സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്രപരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ് കൂടുതൽ ദുഃഖകരമാകുന്നത്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങൾ എന്നാണ്. രണ്ട് സ്വരങ്ങളിലുള്ള ഓരോ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിലും "ഞാനും" "താങ്കളും" പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത

ഘടകമാണ്. ശ്രവിക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയ വിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വ വുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേ ണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താ വിതരണ മേഖല യിൽ, ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കു വാനുംവരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രാ യങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവി നിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വ ങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പി ക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യ തയും ഉറപ്പിക്കേണ്ടതിന്, നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ. വിവേകാത്മകമായും വിവേചനാ ബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തിക ളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നത നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ' ത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകര മായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമ ങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചു പോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാ വുകയുള്ളൂ. എങ്കിൽ പോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരു ത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരിക്കുന്നതിനുള്ള ധൈര്യം

ആർജിച്ചെടുക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യപ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ലാളിത്യ ത്തോടെ, വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔത്സുക്യം, അതാണിന്നിന്റെ ആവശ്യം. എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിലുപകരിക്കുമെന്നുമുള്ള ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന "ഔദ്യോഗിക അറിയിപ്പുക"ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യത യ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാ നുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത, സാമൂഹികവും സാമ്പ ത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥയാണ്. ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടു ക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാ ക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധി ക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ- പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന്

നമ്മുടെ മുൻപിൽ കണക്കുകളെയോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. സാധാരണ മനുഷ്യരായ അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ്.

**സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക**

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽനിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ Dietrich Bonhoeffer നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ. ദാനധർമ്മങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടെയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായകസംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെയും ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും അതിന്റെ

സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യ പൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം. സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം. അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട് പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചുകൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

റോമ, സെന്റ് ജോൺ ലത്തറാൻ, 24 ജനുവരി 2022,
വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾദിനത്തിൽ,

ഫ്രാൻസിസ് പാപ്പാ

# രൂപതക്കച്ചേരി

## *C.38/2022* രൂപതാദിനം

ഈ വർഷത്തെ രൂപതാദിനം നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിരുനാൾ ദിനമായ ജൂൺ 25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 –ന് ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തുന്നു. ഉച്ചകഴിഞ്ഞ് 2.30 –ന് വി. കുർബാനയോടെ ആരംഭിക്കുന്ന രൂപതാദിനാചരണത്തിൽത്തന്നെ കുടുംബവർഷസമാപനവും ആചരിക്കുന്നു. പരിശുദ്ധ കുർബാനയ്ക്കുശേഷം പൊതുസമ്മേളനവും ഉണ്ടായിരിക്കും. ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ ഉൾപ്പെടെ അഞ്ചു പ്രതിനിധികൾ പങ്കെടുക്കാൻ താത്പര്യപ്പെടുന്നു. ബഹു. ഫൊറോന വികാരിയച്ചന്മാർ ഓരോ ഫൊറോനയിൽ നിന്നും എത്തുന്ന അംഗങ്ങളുടെ എണ്ണം ജൂൺ 20–നകം ബഹു. ചാൻസിലർ അച്ചനെ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

## *C.39/2022* ഭവനങ്ങളിലെ വി. കുർബാന

ദൈവാലയത്തിൽ പോകാൻ സാധിക്കാതെ കിടപ്പുരോഗികളായി വീടുകളിൽ കഴിയുന്നവർക്കുവേണ്ടി ഭവനങ്ങളിൽ വി. കുർബാന അർപ്പിക്കുന്നതിന് രൂപതക്കച്ചേരിയിൽ നിന്ന് അനുവാദം കൊടുക്കാറുണ്ട്. എന്നാൽ ഈ അടുത്ത നാളുകളിൽ ഭവനത്തിലുള്ള കുർബാനയർപ്പണം ഞായറാഴ്ച നടത്തുന്നതിന് നിരവധി അപേക്ഷകൾ ബ. വികാരിയച്ചന്മാരുടെ ശിപാർശയോടെ വരുന്നുണ്ട്. ഭവനത്തിൽ കുർബാനയർപ്പണത്തിന് അനുവാദം കൊടുക്കുന്നത് രോഗികളായി കിടക്കുന്നവർക്ക് കുർബാനയിൽ പങ്കെടുക്കുന്നതിനാണ്. അതുകൊണ്ട് രൂപതാ നിയമസംഗ്രഹം നമ്പർ 507–ന്റെ ചൈതന്യം ഉൾക്കൊണ്ട് ബ. വികാരിയച്ചന്മാർ ഭവനങ്ങളിൽ വി. കുർബാനയർപ്പിക്കാനുള്ള അപേക്ഷകൾ ശിപാർശ ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.

*Protosyncellus*

## *C. 40 /2022* പ്രാർത്ഥനയിലെ പുനഃക്രമീകരണങ്ങൾ

'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിലെ സുപ്രധാന

മായ ഒരു മാറ്റമാണ് 'പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ' എന്ന ത്. അതുകൊണ്ട് നമ്മുടെ അനുദിന പ്രാർത്ഥനകളിലും ഈ മാറ്റമുപ യോഗിച്ച് പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

'സർവ്വാധിപനാം കർത്താവേ' 'പരിപാവനനാം സർവേശ്വാ' എന്നീ ഗാനങ്ങൾ കുർബാനയ്ക്കു പുറമേ ഉപയോഗിക്കുമ്പോഴും 'നിൻ സ്തുതി ഞങ്ങൾ പാടുന്നു' എന്നും 'കാരുണ്യം നീ ചൊരിയണമെ' എന്നും മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് ഉപയോഗിക്കേണ്ടത്.

*Protosyncellus*

## *C. 41 /2022* Appointments and Transfers - May 2022

### Parish Priests

| | Rev. Fathers | Parish |
|---|---|---|
| 1. | Anikottil John | Nediasala |
| 2. | Arackal James | Vadakode |
| 3. | Arackal Jose | Thazhuvamkunnu |
| 4. | Avarappattu Paul | Kavakad & Vice Principal Nirmala Public School, Muvattupuzha |
| 5. | Chettoor George | Arikuzha |
| 6. | Chiraparambil Jose | Pooyamkutty & Manikandamchal |
| 7. | Choorathotty James | Ambikapuram |
| 8. | Edathala George | Parish Priest in charge Malayinchi |
| 9. | Kadukummackal George | Nakapuzha |
| 10. | Kalapurackal Jose | Mulappuram |
| 11. | Kalapurayil James | Nadukkara |
| 12. | Karakombil Paul | Peringuzha |
| 13. | Kizhakkedath Mathew | Nadukani |
| 14. | Kochupurackal Mathew (Jr.) | Neriamangalam |
| 15. | Kochuparambil Joseph (Jr.) | Inchathotty & Director - Jeeva Water, Administrator Santhi Sadan Ashram, Avolichal |
| 16. | Konickal Mathew | Marika |
| 17. | Kurisummoottil George | Thennathoor & Director - Prayer Groups |

| | | |
|---|---|---|
| 18. | Madathiparambil Francis | Kolady & Vice Principal Nirmala HSS, Muvattupuzha |
| 19. | Mailadiath Jose | Kaloor |
| 20. | Malieckal Mathews | Mailacombu |
| 21. | Maliyeckal Antony | Njayappilly & Asst. Director KSSS |
| 22. | Mandapathil Varkey | Kuninji |
| 23. | Mundackal Mathew (Sr.) | Ayavana |
| 24. | Mundackal Mathew (Jr.) | Mamalakandam & Urulanthanny |
| 25. | Mundunadayil Joseph | Kaliyar |
| 26. | Nanthalath Mathews | Pallickamury |
| 27. | Nedumkallel George | Perumballoor |
| 28. | Nedumpuram Joseph | Inchoor |
| 29. | Nedumthadathil Paulose | Nedungapra |
| 30. | Njaloor Cyriac | Kuthumkal |
| 31. | Niravath Joseph | Vandamattam |
| 32. | Onelil John | Neendapara |
| 33. | Ovelil Antony | Njarakad |
| 34. | Panachickal James | Ponnamthanam |
| 35. | Pannarakunnel Sebastian | Cheenikuzhy |
| 36. | Parackal Abraham | Cheppukulam |
| 37. | Pazhayapeedikayil Johnson | Kodikulam |
| 38. | Pichalakattu Manuel | Kalloorkad |
| 39. | Thanickal Joseph | Chilavu & Thattakuzha |
| 40. | Thumbamattathil Sebastian | Thalayanad |
| 41. | Vadakekudy James | Parapuzha |
| 42. | Vadakumparampil Jacob | Vadattupara |
| 43. | Vararapilly James | Paingottoor |
| 44. | Vattakuzhy Jose | Mudavoor |
| 45. | Vattathottathil Thomas | Kuttampuzha & Kallelimedu |

## PAROCHIAL VICARS

| | Name of Priests | Parish |
|---|---|---|
| 1. | Kallarackal James | Karimannoor |
| 2. | Konthempillil Sebastian | Nakapuzha |
| 3. | Kunnath Scaria | Vazhakulam |
| 4. | Kunnumpurathu Joseph (Sr.) | Thodupuzha |

| | | |
|---|---|---|
| 5. | Madathil Joseph (Jr.) | Cathedral |
| 6. | Marattil Paulson | Vannapuram |
| 7. | Methippara Scaria | Paingottoor |
| 8. | Njaliparambil Antony | Kalloorkad |
| 9. | Paremman Peter | Muthalakodam |
| 10. | Peechanikunnel George | Anicadu & Asst. Director - Yuva Deepthi |
| 11. | Pittappillil Francis | Professor St Thomas Ap. Seminary Kottayam |
| 12. | Thanikunnel Alex | Kaliyar |
| 13. | Tharappil Mathew | Marika |
| 14. | Vadakedath Joseph | Nediasala |
| 15. | Vallomkunnel Joseph | Cathedral |
| 16. | Vilayapillil Antony | Vazhakulam |

## OTHER OFFICES

| | Name of Priests | Office |
|---|---|---|
| 1. | Akkapadickal Paul | Asst. Procurator & Parish Priest in Charge Muttathupara |
| 2. | Kanjirakombil Jose | Director Jeeva Medicals & Priests' Homes |
| 3. | Kannampallilyil Kuriakose | Warden Nirmala HSS |
| 4. | Kizhakel Jose | Director Family Apostolate, Mathruvedi, Pithruvedi & Singles Apostolate |
| 5. | Kochuparambil Joseph (Sr.) | Professor - St. Joseph's Pontifical Seminary, Mangalapuzha |
| 6. | Madathil Joseph (Sr.) | Vice Rector - Minor Seminary |
| 7. | Mundackal Joseph (Jr.) | Spiritual Father - Minor Seminary |
| 8. | Nedungattu George | Asst. Warden - Boys' Hostel VJCET |
| 9. | Niravathinal Abraham | Bursar - Newman College, Thodupuzha |

| | | |
|---|---|---|
| 10. | Paramel Varghese | Director - CML, KCSL, Holy Childhood, Marian Sodality & Vocation Promoter |
| 11. | Pothanamuzhi Sebastian | Asst. Warden Jeeva Jyothi Hostel, Muvattupuzha |
| 12. | Pottackal George | Director - KSSS |
| 13. | Pulickal Joseph (Sr.) | Parish Priest - Malippara & Principal - Kristhujyothi International School, Malayinkeezhu |
| 14. | Pulloppillil Jose | Administrator - Nirmala College of Pharmacy |
| 15. | Puthenkulam Mathew | Warden - Boys' Hostel VJCET |
| 16. | Valloppillil Sebastian | Director - Yuva Deepthi & Director - NESTT |
| 17. | Vamattathil Johnson | Secretary to the Bishop & Vice Chancellor |

**MISSION & STUDY**

| Sl. No. | Name of Priests | |
|---|---|---|
| 1. | Kannampallilyil Kuriakose | LLB |
| 2. | Kochuparambil George | Germany (Study) |
| 3. | Kodamullil Cyriac | Rome (Study) |
| 4. | Koonanickal Joseph | North Indian Mission |
| 5. | Kurisummoottil George | Australia (Pastoral Work) |
| 6. | Njaloor Cyriac | Ireland (Study & Pastoral Work) |
| 7. | Plathottathil Mathew | North Indian Mission |
| 8. | Pothanamuzhi Sebastian | LLB |
| 9. | Vandanakara George | UK (Pastoral Work) |

**RETIREMENT**

| Sl. No. | Name of Priests |
|---|---|
| 1. | Kakanatt Mathew |
| 2. | Kochumuttam John |
| 3. | Kunnapillil Augustine |

4. Mattappillil John — Resident Priest - Cathedral
5. Monipilly Jose — Resident Priest -Vazhakulam
6. Mundackal George
7. Muringamattam John
8. Periapuram Thomas — Resident Priest - Muthalakodam

*Bishop*

C. *42/2022* **Annual Retreat for Priests**

The list of the participants in each batch is given below. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia. If anyone wants a change in the bacth of retreat please inform the curia on or before 20th June.

The Rev. Fathers are to fulfil the following Mass intentions and report to the Curia on or before the 31st of December 2022

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 17 July to Friday, 22 July 2022**

**Retreat Preacher : His Excellency Samuel Mar Irenios**

1 Adapoor Joseph
2 Akkapadickal Paul
3 Alappatt Francis
4 Anikottil John
5 Areekatt Mathew
6 Ariappillil Emmanuel
7 Athickal Francis
8 Athickal Joseph
9 Athickal Mathew
10 Athickal Pius
11 Chatholil John
12 Chemparthy George

13 Cheruparmbil Thomas
14 Chettoor George
15 Chettoor Kurian
16 Chiraparambil Jose
17 Choorathotty Paul
18 Edathotty Paul
19 Kachiraparekudiyil Martin
20 Kadukumackal George
21 Kalapurackal Jose
22 Kalapurayil James
23 Kalathoor Paul
24 Kallarackal Joseph
25 Kallarackal James
26 Kallidukkil Zacharias
27 Kandathil Joseph
28 Kandathinkara Joseph
29 Kanimattathil Sebastian
30 Kanjirakompil Mgr. Cherian
31 Kannampalliyil Kuriakose
32 Karakombil Paul
33 Karakunnel George
34 Keerampara Mgr. Francis
35 Kizhakel Jose
36 Kizhakkedath Mathew
37 Kochumuttam John
38 Kochuparambil Joseph (Jr)
39 Kochuparambil Joseph (Sr)
40 Kodamullil Cyriac
41 Koickakudy Joseph
42 Koithanath Joseph
43 Koonanickal Jose
44 Koottumkal Joseph
45 Kulathoor Jose
46 Kunnath Scaria
47 Kunnumpurathu Joseph (Sr)
48 Kureekattil Kurian
49 Kurisummoottil George
50 Kurukkoor Mgr. George
51 Kuzhikanniyil Jose
52 Madathil Joseph (Jr)
53 Madathil Joseph (Sr)
54 Madathiparambil Francis
55 Malieckal Antony
56 Marappillil George
57 Moorkattil Jose
58 Mulanjanany Joseph
59 Mundackal Emmanuel
60 Mundackal John
61 Mundackal Joseph (Sr)
62 Mundackal Thomas
63 Mundolickal James
64 Muringamattam John
65 Nandalath Francis
66 Nandalath Mathews
67 Neerampuzha Jose
68 Nirappath George
69 Niravath Joseph
70 Niravathinal Abraham
71 Njaliparambil Antony
72 Njaralakatt Luke
73 Oliapuram George (Sr.)
74 Onelil John
75 Oroplackal Johnson
76 Panachickal James
77 Pannarakunnel Sebastian
78 Peechatt Emmanuel
79 Peringarappillil Sotter
80 Perumpanani Abraham
81 Pichappillil John
82 Pittappillil Francis
83 Poonat Mathew
84 Poovathumkal Thomas
85 Pothanamuzhi Mathew
86 Pothanamuzhi Sebastian

87 Pothanamuzhi Thomas
88 Pothoor Jose
89 Pottackal George
90 Pulickal Joseph (Jr)
91 Pulickal Joseph (Sr)
92 Pulimalayil Antony
93 Puthenkulam Mathew
94 Rathappillil Jacob
95 Thachil George
96 Thalappillil Jacob
97 Thanathuparambil George
98 Thanikunnel Alex
99 Thannickal Joseph
100 Tharappil Mathew
101 Thekkumkattil Mathew
102 Thottathimyalil Mathew
103 Uralikunnel George
104 Vadakkekudy James
105 Vadakken John
106 Vadakkumpadam Mathew
107 Valiyathazhathu Sebastian
108 Vallomkunnel George
109 Vamattathil Johnson
110 Vandanakara George
111 Vararappilly James
112 Vattakatt Augustine
113 Vellamkunnel Emmanuel
114 Vengooran Jose
115 Vettikuzha Thomas
116 Vilanguparayil Paul

## SECOND BATCH

**Venue: NESTT, Muvattupuzha**

**Time: From Sunday, 24 July to Friday, 29 July 2022**

**Retreat Preacher : His Excellency Samuel Mar Irenios**

1 Aikkaramattam James
2 Arackal James
3 Arackal Jose
4 Arackal Joseph
5 Arolichalil Sebastian
6 Avarappattu Paul
7 Choorathotty James
8 Edathala George
9 Edattu Mathews
10 Elanjedath John
11 Ezhanikatt James
12 Kadambanatt Sebastian
13 Kadavan John
14 Kadukanmakal Joseph
15 Kakanatt Mathew
16 Kakkuzhy James
17 Kallarackal John
18 Kallarackal James
19 Kallarackal Thomas
20 Kanayankal John
21 Kanjirakombil Jose
22 Kannadan Francis
23 Kapiarumala George
24 Kapiarumala Thomas
25 Kapiarumalayil Joseph
26 Kariamadam George
27 Karikunnel Francis
28 Keethappilly Joseph
29 Kochumundanmalayil Mathew
30 Kochupurackal Mathew (Jr)
31 Kochupurackal Mathew (Sr)
32 Kochuputhenpurayil Joseph
33 Kodakallil Kuriakose
34 Konickal Mathew

35 Konthempillil Sebastian
36 Kottarathil Thomas
37 Kottoor Jose
38 Kunnamkulathil Emmanuel
39 Kunnappillil Augustine
40 Kunnath Mathew
41 Kunnel Stanislaus
42 Kunnumpurath Joseph (Jr)
43 Kuzhinjalil Thomas
44 Mailadiath Jose
45 Makolil Joseph
46 Malekandathil Mgr.Pius
47 Malekudy Thomas
48 Malieckal Mathews
49 Malilackachalil Paul
50 Mandapathil Varkey
51 Manjakadambil Kuriakose
52 Marattil Paulson
53 Mattappillil John
54 Methippara Scaria
55 Monippilly Jose
56 Moolassery Nicholas
57 Mulanjanany George
58 Mundackal George
59 Mundackal Joseph (Jr.)
60 Mundackal Mathew (Jr)
61 Mundackal Mathew (Sr)
62 Mundackal Mathew M.
63 Mundunadayil Joseph
64 Nedumkallel George
65 Nedumpuram Joseph
66 Nedumpurath Paul
67 Nedumpurath Sebastian
68 Nedumthadathil Paulose
69 Nedungatt George
70 Nedungatt Vincent
71 Njaloor Cyriac
72 Oliapuram George (Jr.)
73 Ovelil Antony
74 Padinjarekutt Augustine
75 Pallikunnel Georgy
76 Panackal Thomas
77 Parackal Abraham
78 Paramel Varghese
79 Parayannilam Joseph
80 Parayidom Thomas
81 Paremman Peter
82 Pazhayapeedikayil Johnson
83 Peechanikunnel George
84 Periapuram Thomas
85 Pichalakattu Manuel
86 Ponneth Joseph
87 Pullan George
88 Pulloppillil Jose
89 Pulparambil Jose
90 Pulprayil Stanly
91 Punnamattathil Scaria
92 Puthenkulam Antony
93 Puthiyedath Jacob
94 Ramanattu Mathew
95 Thadikatt George
96 Thayyil James
97 Thekkeattath George
98 Thekkekara George
99 Thekkekara Mathew (Sr)
100 Thumbamattathil Sebastian
101 Vadakkedath Jose
102 Vadakkel George
103 Vadakkumparambil Jacob
104 Vallomkunnel Joseph
105 Valloppillil Sebastian
106 Vattakuzhy Emmanuel
107 Vattakuzhy Jose
108 Vattappillil Jacob

109 Vattathottathil Thomas
110 Vellaramkattil Xavier
111 Velliamthadam Joseph
112 Vettikuzhichalil Joseph
113 Vilanguparayil Thomas
114 Vilayappillil Antony

*Protosyncellus*

*C. 43 /2022* **അജപാലന സന്ദർശനം**

ജൂൺ 12 - ബെസ്സഹം

ജൂൺ 19 - തൊടുപുഴ

*PrC. 5/2022* **Presbyteral Council Report**

An ordinary meeting of the Presbyteral Council was held on May 3, 2022 at the Bishop's House. The meeting began with a prayer at 10.00 am and 24 members were present. Very Rev. Msgr. Francis Keerampara, Protosyncellus, welcomed the members. The Secretary presented the report of the previous meeting of the Council which was held on December 14, 2021. Then all the members stood up for a silent prayer to pay homage to Rev. Fr James Vadakkel, who was a member of this Council and was called to Eternal Rest on 3rd February 2022. In his presidential address Mar George Madathikandathil emphasised the need for thespiritual empowerment of our community. He exhorted that it is wrong to consider money, land and institutions as only sources of our strength, instead, we must rely on faith, word of God and Sacraments as our strength. The Bishop spoke on the necessity of empowering each family and the need for personal evangelization. For the spiritual empowerment, the Church has to acknowledge the role of the Holy Spirit in our day to day life.The Bishop also emphasised the need for a missionary conversion in our daily life. The Church should redefine its missionary nature and option for the poor.

During the general discussion different topics were considered and various suggestions came up regarding them. The following are some of the important suggestions.

- An official clarification should be given regarding the issue of the personal insurance of our priests and the repayment of the insurance amount from P.W.A.
- Another topic was the post-covid pastoral care in our parishes.Many members opined that after the Covid lockdown the general interest in sacramental life was diminishing. There is a growing tendency among the faithful to satisfy themselves with Online Holy Qurbana.

So there should be proper catechesis to evoke more awareness regarding the personal participation in the Holy Qurbana and other sacraments. The importance of family visits of the parish priests was also stressed in fostering personal relationship between pastors and parishioners. Some of the members had the opinion that a change of language-style is necessary for pastors for a better pastoral care.

- The long-time closure of the Sunday schools and Catechism classes due to Covid lockdown has really affected our children. Lack of mutual interactions among them has affected their communication skills as well. Regarding catechism texts, many members suggested to have common catechism texts for all the three individual churches in Kerala.
- For the pastoral unity of the Eparchy specific directives are necessary on certain matters. Some members said that even though His Excellency had given clear directives in the last Presbyterium regarding the time of the celebration of the liturgical functions of Christmas and Easter, some parishes did not follow them. So the Council suggested reminding the whole Eparchy once again regarding the time Schedule for Christmas and Easter as 12.00 am(midnight) and 03.00 am respectively.
- A survey should be conducted in each parish for collecting the details of the social, economic and spiritual situations of the catholic families there. It is good to encourage small scale farmers and small scale business persons among our community. The Bishop communicated that many catholic entrepreneurs were ready to share their expertise with the members of the community.Similarly it is necessary to look for ways to empower the degree holders to secure a job.
- There are a number of unmarried young people in our community which is a cause of great concern. The Family apostolate department may lead a survey regarding this and plan anything can be done to address this problem.
- Pastoral care of the migrants and immigrants are also growing need of this time. The president suggested that each parish should try to collect details and maintain contacts with the migrants of that parish. Similarly a priest can be appointed as Priest-in-charge of the immigrants to the diocese from other states.

- There was a discussion regarding taking up mission work by our diocese in areas outside Kerala.The Bishop said that certain areas of Orissa could be considered a good place for our mission work and as a part of it we are planning to send two priests to this region. He also expressed his desire to send our seminarians for one-year mission experience.
- As part of better pastoral care it was decided to start evening Masses in bigger parishes around 7.00 pm for the workers and employees. Likewise it was suggested to start evening Masses at Cathedral (Kothamangalam), Muvattupuzha, Vazhakulam, Thodupuzha, Muthalakodam and Karimannoor.
- Many of the members suggested that we spend large amountof money for making big buildings, but very little is spent for building up our community. It is necessary that every parish may spend an adequate amount for the faith-formation of our children and young people.The scope of formation need not be restricted to spiritual matters alone; sports and other cultural activities of our children and youth must be encouraged and supported.The Parish Priests may take an active interest in sending them for camps and seminars organised by the various associations of the diocese.
- Regarding the celebration of the Office for the dead, the general opinion was that all prayers are to be said and full Office should be celebrated near each one's tomb.
- The members also suggested having a pre-nuptial enquiry form prepared in English.
- Certain economic matters also came up for the discussion. Many priests asked for raising the amount of money to be spent in the parish on the basis of Roopatha Niyamasamgraham No.289/9. The president informed the council that at present the revision of Syro-Malabar Particular law is going on, and we can make a final revision of our RoopathaNiyamasamgraham only later. However, for the time being it was decided to make certain temporary changes. As per the suggestion of the Council the President informed that besides the day to day expenses of the church, a parish may spend any amount upto Rs 50,000.00 with the unanimous decision of the Parish Priest and Kaikars. To spend any amount between Rs 50,000.00 and

3,00,000.00 the sanction of the Parish Council and the approval of the Eparchial Curia is necessay. To spend more than Rs 3,00,000.00 the decision of the Pothuyogam and the approval of the Eparchial Curia are mandatory.

- Regarding the economic matters it was also decided that any forceful demanding of Pathavaram, from the family of the bride or bridegroom is not fair. However they may be reminded to give freely the Pathavaram as per their financial capacity to the Parish.

Very Rev Msgr Pius Malekandathil expressed the vote of thanks and meeting came to an end by 1.00 pm by reciting *Regina Coeli.*

*Secretary*

*PC. 5/2022* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**

2021–23 പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത്തെ സമ്മേളനം 2022 മെയ് 7 ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ രൂപത സിഞ്ചെല്ലൂസ് പെരിയ ബഹു. പയസ് മലേക്കണ്ടത്തിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡിസംബറിലെ പാസ്റ്ററൽ കൗൺസിലിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് നടത്തിയ ആമുഖ സന്ദേശത്തിൽ നമ്മുടെ അജപാലന ദൗത്യത്തിലെ ഊന്നലുകളിൽ മാറ്റം വരുത്താൻ ഈ കോവിഡ് കാലം ആവശ്യപ്പെടുന്നുണ്ട് എന്ന് സൂചിപ്പിച്ചു. ധനവും ഭൂമിയും സ്ഥാപനങ്ങളുമല്ല സഭയുടെ ശക്തിയെന്നും നശ്വരമായ ഇവയിലാണ് നമ്മുടെ ആശ്രയമെങ്കിൽ നാം പരാജിതരാകുമെന്നും അദ്ദേഹം സൂചിപ്പിച്ചു. സഭയുടെ യഥാർത്ഥ സമ്പത്ത് വിശ്വാസവും ദൈവവചനവും കൂദാശകളുമാണെന്നും അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. ഈ സമ്പത്തിനെക്കുറിച്ച് അവബോധമുള്ളവരാകാനും അതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും നമ്മുടെ ഇടവകകൾ ശ്രദ്ധിക്കണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. കേരളസഭ 2022 പന്തക്കുസ്താ മുതൽ ആരംഭിക്കുന്ന കേരളസഭാ നവീകരണത്തിൽ ആത്മാർത്ഥതയോടെയും തീക്ഷ്ണതയോടെയും നാം പങ്കുചേരണമെന്നും പിതാവ് ആവശ്യപ്പെട്ടു. തുടർന്ന് നടന്ന ഉദ്ഘാടനപ്രസംഗത്തിൽ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് പാസ്റ്ററൽ കൗൺസിലിന്റെ ചില ചരിത്ര പശ്ചാത്തലങ്ങൾ അവതരിപ്പിച്ചു. നമ്മുടെ

സഭയുടെ തനതായ ഒരു പ്രത്യേകതയാണ് പാസ്റ്ററൽ കൗൺസിലെന്നും, ഈ പാസ്റ്ററൽ കൗൺസിലുകളിൽ വിവിധ കാര്യങ്ങളെക്കുറിച്ച് അഭിപ്രായം സ്വരൂപിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഗ്രാമസഭകളുടെ മാതൃകയിൽ പള്ളിയോഗങ്ങളും പള്ളിപ്രതിപുരുഷയോഗങ്ങളും നിലവിൽ വരികയും അതിന്റെ തുടർച്ചയായി പാസ്റ്ററൽ കൗൺസിൽ രൂപപ്പെടുകയും ചെയ്തു. ഈ പാസ്റ്ററൽ കൗൺസിൽ ഒരു രൂപതയുടെ എല്ലാ നിർണ്ണായക തീരുമാനങ്ങളെടുക്കുന്നതിലും സ്വാധീനം ചെലത്തുന്നുണ്ട്. ഇന്ന് നമ്മുടെ സഭയിൽ ആത്മീയകാര്യങ്ങളിൽ തളർച്ച കാണപ്പെടുന്നുണ്ടെന്നും അതു മാറ്റിയെടുക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് നമ്മുടെ രൂപതാംഗവും ഈ വർഷം മികച്ച തഹസീൽദാർക്കുള്ള പുരസ്കാരത്തിന് അർഹനുമായ കല്ലൂർക്കാട് ഇടവകാംഗം കളപ്പുരയ്ക്കൽ ശ്രീ. രഞ്ജിത്ത് ജോർജിന് ആശംസകൾ അർപ്പിച്ച് ശ്രീ. സജി മഞ്ഞക്കടമ്പിൽ സംസാരിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ശ്രീ. രഞ്ജിത്ത് ജോർജിന് രൂപതയുടെ ഉപഹാരം സമർപ്പിച്ചു. തുടർന്നു ശ്രീ. രഞ്ജിത്ത് ജോർജ് നടത്തിയ മറുപടി പ്രസംഗത്തിൽ തന്റെ ക്രൈസ്തവബോധ്യത്തിൽ നിന്നും രൂപപ്പെടുത്തിയെടുത്ത മനഃസാക്ഷിക്കനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് തന്നെ ഈ അവാർഡിനർഹനാക്കിയതെന്നും അതിന് നല്ല ദൈവത്തോടും സഭയോടും നന്ദിയുണ്ടെന്നും സൂചിപ്പിച്ചു. ഇടവേളക്കുശേഷം 2023-ൽ റോമിൽ നടക്കുന്ന സിനഡിനൊരുക്കമായ ചർച്ചകളായിരുന്നു. സഭയിൽ സിനഡാത്മാകത എപ്രകാരം നടപ്പിൽ വരുത്താമെന്നതിനെക്കുറിച്ചും കേരള സഭയുടെ നവീകരണത്തിനുതകുന്ന നിർദ്ദേശങ്ങൾ എങ്ങനെ രൂപീകരിക്കാമെന്നതിനെക്കുറിച്ചും ബഹു. മലേക്കണ്ടത്തിൽ പയസ് അച്ചൻ നയിച്ച ക്ലാസ്സിനു ശേഷം നമ്മുടെ രൂപതയിൽ നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടന്നു.

**ചർച്ചയിൽ ഉയർന്ന പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.**

- ✧ യുവജനങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.
- ✧ അകന്നു നിൽക്കുന്നവരെ സഭയോട് ചേർത്തുനിർത്താനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം. വിശ്വാസരഹിതരെയും മുറിവേറ്റവരെയും തേടിപ്പോകണം.

✧ സഭയ്ക്കെതിരായി പല കോണുകളിൽ നിന്നും രഹസ്യ അജണ്ടകൾ നടപ്പാക്കുന്നുണ്ടെന്ന് സഭാംഗങ്ങൾക്ക് ബോധ്യമുണ്ടാകണം.

✧ ഇടവകകളെ സജീവമാക്കാൻ ഭക്തസംഘടനകൾ സജീവമാക്കുകയും ഇടവകകൂട്ടായ്മകൾ പരിപോഷിപ്പിക്കുകയും വേണം. വിശ്വാസസത്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള അറിവ് വിശ്വാസികൾക്ക് നൽകണം.

✧ സഭ എല്ലാവരെയും ശ്രദ്ധിക്കാനും ശ്രവിക്കാനും ശ്രമിക്കണം.

✧ വിദേശത്തേക്ക് കുടിയേറിയവരെ Social Media Platform ലൂടെ ഒരുമിച്ചു ചേർത്തു നിർത്താൻ ഇടവകതലത്തിൽ പരിശ്രമങ്ങൾ നടത്തണം.

✧ യുവജനങ്ങൾക്ക് വിശ്വാസപരിശീലനം നൽകണം.

✧ കുട്ടികൾക്ക് കൃത്യമായ വിശ്വാസപരിശീലനം നൽകണം.

✧ സഭയുടെ എല്ലാ തലങ്ങളിലും തുറന്നുപറയാനുള്ള ധാരാളം വേദികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അവിടേക്കു കടന്നുവരാനും അഭിപ്രായങ്ങൾ പറയാനും ആളുകൾ ശ്രമിക്കുന്നുണ്ടോ എന്നു നാം പരിശോധിക്കണം.

✧ കുട്ടികളെയും യുവജനങ്ങളെയും പേരെടുത്തു വിളിക്കുകയും Youth Catechism ത്തിലൂടെ നിലപാടുകൾ വ്യക്തമായി അവതരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യണം.

✧ അഞ്ച് വയസ്സിനു മുൻപെ കുട്ടികളിൽ വിശ്വാസം കൃത്യമായി രൂപപ്പെടാൻ പരിശ്രമിക്കണം. അതുപോലെ കുട്ടികളെ പരമാവധി ദൈവാലയത്തോട് ചേർത്ത്നിർത്താൻ പരിശ്രമിക്കണം.

✧ യുവജനങ്ങളുടെ വിവാഹം വൈകുന്നത് സഭ അശങ്കയോടെയാണ് കാണേണ്ടത്. എല്ലാം ഒത്തുവന്നതിനുശേഷം കല്യാണം നടത്താം എന്ന മനോഭാവം മാറ്റേണ്ടതാണ്. ഇടവകതലത്തിൽ ഇതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം.

✧ നമ്മുടെ ആത്മീയ ആഘോഷങ്ങളിൽ അച്ചടക്കവും അനുസരണവും പുലർത്തേണ്ടതുണ്ട്. അതുപോലെ ഭൗതികകാര്യങ്ങളിലും ആഘോഷങ്ങളിലും ശ്രദ്ധ പതിപ്പിക്കുന്നതിനേക്കാൾ ആത്മീയ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. നോമ്പ്, പുണ്യപ്രവർത്തികൾ ഇവയ്ക്കും കൂടുതൽ ഊന്നൽ നൽകണം.

- ✧ തകർന്ന കുടുംബങ്ങളെ കൂട്ടിച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- ✧ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ അറിയുകയും പ്രോത്സാഹിപ്പിക്കുകയും വേണം. രൂപത ഒന്നാകെ ഒരു മിഷൻ പ്രദേശത്തെ തിരഞ്ഞടുക്കുകയും ആ മിഷനെ വളർത്താൻ പരിശ്രമിക്കുകയും ചെയ്യണം.
- ✧ രാഷ്ടീയ സാമൂഹ്യ ഉദ്യോഗസ്ഥ രംഗങ്ങളിലേക്ക് കൂടുതൽ യുവതീയുവാക്കൾ കടന്നുവരാൻ പരിശ്രമിക്കണം.
- ✧ വൈദികരുടെയും സന്യാസിനികളുടെയും നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ നടത്തണം. പൊതുയോഗങ്ങളിലെ പങ്കാളിത്തം മെച്ചപ്പെടുത്തണം.
- ✧ അല്മായ സമൂഹത്തെ സഭയോട് ചേർത്ത് നിർത്താൻ കഴിയണം. ആത്മീയരംഗത്തെ നമ്മുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തണം.
- ✧ വലിയതോതിലുള്ള കുടിയേറ്റങ്ങൾ നടക്കുമ്പോഴും ഈ കുടിയേറ്റങ്ങളിലൂടെ നടക്കേണ്ടത് പ്രേഷിതപ്രവർത്തനമാണെന്ന അവബോധം ജനിപ്പിക്കണം
- ✧ കുടുംബബന്ധങ്ങളെ ആത്മീയമായി ശക്തീകരിക്കണം.
- ✧ സുവിശേഷാധിഷ്ഠിത മൂല്യങ്ങളിൽ കുട്ടികളെ വളർത്താൻ ശ്രമിക്കണം.
- ✧ നല്ല കൗൺസലിംഗ് സെല്ലുകൾ രൂപീകരിക്കണം.
- ✧ സഭാധികാരികളെ ദുഷിച്ചു സംസാരിക്കുന്ന രീതി കുറയ്ക്കണം.
- ✧ പങ്കുവയ്ക്കാനുള്ള ശീലം കുടുംബങ്ങളിൽ തന്നെ പരിശീലിപ്പിക്കുക.

ഇപ്രകാരമുള്ള ചർച്ചയ്ക്കുശേഷം പാസ്റ്ററൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് 9 അംഗങ്ങളെ തിരഞ്ഞെടുത്തു.

1. റവ. ഫാ. ജോസഫ് മുളത്തനാനി
2. റവ. ഫാ. തോമസ് ചെറുപറമ്പിൽ
3. റവ. സി. മെറീന സി. എം. സി
4. റവ. സി. ക്രിസ്റ്റി എസ്. എച്ച്
5. ശ്രീ. ലംബൈ മാത്യു വട്ടക്കുഴി
6. കുമാരി മെറിൻ അഗസ്റ്റിൻ

7. ശ്രീമതി ബെറ്റി കോരച്ചൻ
8. ശ്രീ. ദീപു ജോൺ വലിയമറ്റം
9. ശ്രീ. ജയിംസ് വി. ജോർജ്

തുടർന്ന് രൂപത പ്രോട്ടോസിഞ്ചെല്ലൂസ് റവ. മോൺ. ഫ്രാൻസീസ് കീരംപാറ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.45-ന് പ്രാർത്ഥനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ യോഗം അവസാനിച്ചു.

*Secretary*

## മൈനർ സെമിനാരി

*MS 9 /2022* **നന്ദി**

കഴിഞ്ഞ അഞ്ചുവർഷമായി ആത്മീയ നിയന്താവ് എന്ന നിലയിൽ ശുശ്രൂഷ ചെയ്തതിനുശേഷം ഇഞ്ചൂർ പള്ളി വികാരിയായി സ്ഥലം മാറിപ്പോകുന്ന ബ. ജോസഫ് നെടുംപുറം അച്ചനും രണ്ട് വർഷമായി വൈസ് റെക്ടർ, വൊക്കേഷൻ പ്രമോട്ടർ എന്നീ നിലകളിൽ ശുശ്രൂഷ നിർവഹിച്ചതിനുശേഷം വാഴക്കുളം പള്ളി അസ്തേന്തിയായി സ്ഥലം മാറിപ്പോകുന്ന ബഹു. ആന്റണി വിളയപ്പിള്ളിൽ അച്ചനും ഹൃദയപൂർവം നന്ദി പറയുകയും പുതിയ സ്ഥലങ്ങളിൽ ദൈവാനുഗ്രഹം സമൃദ്ധമായുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*MS 10 /2022* **ആശംസകൾ**

സെമിനാരിയുടെ ആത്മീയ നിയന്താവായി നിയമിക്കപ്പെട്ട ബഹു. ജോസഫ് മുണ്ടയ്ക്കൽ (Jr) അച്ചനും വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് മഠത്തിൽ (Sr) അച്ചനും ഹൃദ്യമായ സ്വാഗതവും ആശംസകളും നേരുന്നു.

*MS 11 /2022* **തത്വശാസ്ത്രപഠനം**

മൈനർ സെമിനാരി പരിശീലനത്തിനുശേഷം തത്വശാസ്ത്രപഠനത്തിനായി വിവിധ സെമിനാരികളിലേക്ക് യാത്രയാകുന്ന വൈദികവിദ്യാർത്ഥികൾക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

| | | |
|---|---|---|
| 1 മണ്ണൂർ വർഗീസ് | മൂവാറ്റുപുഴ | മംഗലപ്പുഴ |
| 2 മുടവനാട്ട് മാർട്ടിൻ | കുണിഞ്ഞി | മംഗലപ്പുഴ |

| | | |
|---|---|---|
| 3 പുലയംപറമ്പിൽ ജോർജ് | കത്തീഡ്രൽ | മംഗലപ്പുഴ |
| 4 ആലപ്പാട്ട് ജോസഫ് | നെടിയകാട് | വടവാതൂർ |
| 5 കോളാശ്ശേരിയിൽ ജോസ് എമ്മാനുവേൽ | തഴുവംകുന്ന് | വടവാതൂർ |
| 6 പുൽത്തകിടിയിൽ ജോസഫ് | കത്തീഡ്രൽ | വടവാതൂർ |
| 7 ചെരിവുകാലായിൽ ആൽബർട്ട് | നാകപ്പുഴ | കുന്നോത്ത് |
| 8 മാപ്പിളകുന്നേൽ വർഗീസ് | കരിമണ്ണൂർ | കുന്നോത്ത് |

*MS 12 /2022* **ദൈവശാസ്ത്ര പഠനം**

വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനത്തിനായി വിവിധ സെമിനാരികളിലേക്ക് പോകുന്ന വൈദികവിദ്യാർത്ഥികൾക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

| | | |
|---|---|---|
| 1 അറയ്ക്കൽ സ്കറിയ പോൾ | ആരക്കുഴ | മംഗലപ്പുഴ |
| 2 കുന്നപ്പിള്ളിൽ ജോസ് | കരിമണ്ണൂർ | മംഗലപ്പുഴ |
| 3 പീച്ചാട്ട് ജോസഫ് | ഊന്നുകൽ | മംഗലപ്പുഴ |
| 4 കൂട്ടക്കല്ലുങ്കൽ ജോൺ | നെടിയകാട് | വടവാതൂർ |
| 5 മുട്ടത്തുകുടിയിൽ ആന്റണി | ഏനാനല്ലൂർ | വടവാതൂർ |
| 6 പള്ളിക്കുന്നേൽ ജോർജ് | മുതലക്കോടം | വടവാതൂർ |
| 7 പുതുമനത്തൊട്ടിയിൽ ജോർജ് | പൊന്നന്താനം | വടവാതൂർ |
| 8 ചെമ്പരത്തി മാനുവൽ | മുതലക്കോടം | കുന്നോത്ത് |
| 9 കോട്ടയ്ക്കൽ മാത്യു | തൊടുപുഴ | കുന്നോത്ത് |
| 10 മ്ലാക്കുഴിയിൽ മൈക്കിൾ | നെടിയകാട് | കുന്നോത്ത് |
| 11 ചാരനാൽ ജോസഫ് | തഴുവംകുന്ന് | സത്ന |
| 12 വെള്ളാപ്പിള്ളിൽ സെബാസ്റ്റ്യൻ | കരിമണ്ണൂർ | സത്ന |

*MS 13 /2022* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mrs Marykutty T.V. Thevarpadam, Bethlehem | ₹ | 50,000 |
| 2 | Mr Linzy Kannadan, Kuthumkal | ₹ | 20,000 |
| 3 | A Benefactor | ₹ | 10,000 |
| 4 | Fr Joseph Pinakatt, UK | ₹ | 75,000 |
| 5 | Mr T.C. Thomas Snehalayam, Kazhakuttom | ₹ | 50,000 |
| 6 | Mr P.V. Peter Pulparambil, Kalloorkad | ₹ | 10,000 |
| 7 | A Benefactor | ₹ | 10,000 |

| | | | |
|---|---|---|---|
| 8 | Fr Antony Kottackal, Germany | ₹ | 300,000 |
| 9 | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000 |
| 10 | In memory of Fr Joseph Cherian Koickakudy | ₹ | 100,000 |
| 11 | In memory of Msgr Mathew Vellankal | ₹ | 750,000 |
| 12 | Prof. James C. John Chathamkott, Arikuzha | ₹ | 40,000 |
| 13 | Sacred Heart Church Ayavana | ₹ | 35,000 |
| 14 | CML Ayavana | ₹ | 15,000 |
| 15 | CML Njarakad | ₹ | 25,000 |
| 16 | One Benefactor | ₹ | 3,000 |
| 17 | Mr Cyriac Kurian Puthanangady, Kallanickal | ₹ | 50,000 |
| 18 | Mrs Shiny Avirapatt, Anicadu | ₹ | 25,000 |
| 19 | CML Nedungapra | ₹ | 3,000 |
| 20 | CML Cheppukulam | ₹ | 15,000 |
| 21 | Mr Punnose Parekunnel, Vannapuram | ₹ | 6,000 |
| 22 | Mr Stanly Attipetty, Kallanickal | ₹ | 25,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 41/2022* **അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം**

2022-23 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം ജൂൺ 5-ാം തീയതി ഞായറാഴ്ച രാവിലെ 9.45-ന് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കും. **അന്നേ ദിവസം സന്ധ്യാപ്രാർത്ഥന സമയത്ത് മാതാപിതാക്കളും കുട്ടികളും ചേർന്ന് വീട്ടിൽ തിരികൾ തെളിയിച്ച് കുടുംബതലത്തിലുള്ള വിശ്വാസപരിശീലന ഉദ്ഘാടനം നിർവഹിക്കേണ്ടതാണ്.**

*V. 42/2022* **ബൈബിൾ നേഴ്സറി**

2022-2023 അദ്ധ്യയന വർഷം ബൈബിൾ നേഴ്സറി എല്ലാ ഇടവ

കകളിലും 5-ാം തീയതി തന്നെ തുടങ്ങുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V. 43/2022* **നന്ദി**

ഇടവകതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടീം അംഗങ്ങൾക്കായി മെയ് 14-15 തീയതികളിൽ നെസ്റ്റിൽ നടന്ന ട്രെയിനിംഗ് പ്രോഗ്രാം രൂപതാഡയറക്ടർ ഫാ. ജോസഫ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്തു. അരുൺ പുത്തൻപുരയ്ക്കൽ, ജിബിൻ പുൽപറമ്പിൽ എന്നിവർ ട്രെയിനിംഗ് പ്രോഗ്രാം ക്ലാസ്സുകൾ നയിച്ചു. ടീം അംഗങ്ങളെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

*V. 44/2022* **വിശ്വാസോത്സവം - Sevens- The Grace of Heaven**

ഈ അദ്ധ്യയനവർഷത്തെ Sevens വിജയകരമായി നടത്തിയ എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകർക്കും കുട്ടികൾക്കും നന്ദി അറിയിക്കുന്നു.

*V. 45/2022* **SAY EXAM- X, XII**

രണ്ടു സെമസ്റ്ററിലുമോ ആദ്യ സെമസ്റ്ററിലോ രണ്ടാം സെമസ്റ്ററിലോ തോറ്റവർക്കായാണ് ഈ പരീക്ഷ.

| | | |
|---|---|---|
| **രജിസ്ട്രേഷൻ** | : | **2022 ജൂൺ 1-5** |
| **പരീക്ഷ** | : | **ജൂൺ 12 ഞായർ** |
| സമയം | : | 11.00 am - 01.00 pm |

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ ജൂൺ 20-ന് മുമ്പ് എത്തിക്കേണ്ടതാണ്.

*V. 46/2022* **അദ്ധ്യാപക സഹായി**

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).

*V.47/2022* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ

ലിസ്റ്റ് സൈറ്റിൽ ചേർക്കുമല്ലോ. പി.റ്റി.എ. കമ്മിറ്റി ലിസ്റ്റ് ജൂൺ 30-ന് മുമ്പ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

*V. 48/2022* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സൺഡേ സ്കൂൾ ആരംഭിച്ച് ജൂൺ 19 -ന് മുമ്പ് സൈറ്റിൽ ചേർക്കണം. സ്റ്റേറ്റ്മെന്റിൽ റോൾ നമ്പർ, ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കണം.

*V.49/2022* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ ജൂലൈ 31-ന് മുമ്പ് എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 50/2022* **പുസ്തക വിതരണം**

ഈ അദ്ധ്യയനവർഷത്തിലെ **സൺഡേ സ്കൂൾ പുസ്തകങ്ങളും, റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങളും വാങ്ങാൻ വരുന്നവർ ജൂൺ 1-ന് ശേഷം വിളിച്ച് പുസ്തകം വന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരേണ്ടതാണ്. ഫോൺ. 9495843287.** ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം പുസ്തകങ്ങൾക്ക് 5% വും, സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് പുസ്തകങ്ങൾക്ക് 3% വും കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു.

| Std. | Sunday School | | Reg. School Cat. | Moral Science | |
|---|---|---|---|---|---|
| | Mal. | Eng. | | Mal. | Eng. |
| I | ₹ 35 | ₹ 40 | ₹ 35 | ₹ 45 | ₹ 55 |
| II | ₹ 35 | ₹ 40 | ₹ 35 | ₹ 45 | ₹ 55 |
| III | ₹ 35 | ₹ 40 | ₹ 35 | ₹ 45 | ₹ 55 |
| IV | ₹ 35 | ₹ 40 | ₹ 35 | ₹ 45 | ₹ 55 |
| V | ₹ 40 | ₹ 45 | ₹ 35 | ₹ 50 | ₹ 55 |

| | | | | | |
|---|---|---|---|---|---|
| VI | ₹ 40 | ₹ 45 | ₹ 35 | ₹ 50 | ₹ 55 |
| VII | ₹ 40 | ₹ 45 | ₹ 35 | ₹ 50 | ₹ 55 |
| VIII | ₹ 40 | ₹ 45 | ₹ 30 | ₹ 50 | ₹ 55 |
| IX | ₹ 40 | ₹ 45 | ₹ 30 | ₹ 50 | ₹ 60 |
| X | ₹ 40 | ₹ 45 | ₹ 30 | ₹ 50 | ₹ 60 |
| XI | ₹ 40 | ₹ 45 | - | ₹ 40 | ₹ 70 |
| XII | ₹ 40 | ₹ 45 | - | ₹ 40 | ₹ 70 |

Bible Nursery ₹ 50

**ഉപപാഠപുസ്തകം**

| | | |
|---|---|---|
| Bible Nursery | ₹ | 50 |
| Std. I-IV | ₹ | 50 |
| Std V-VII | ₹ | 60 |
| Std VIII-X | ₹ | 60 |
| Std XI-XII | ₹ | 50 |

★വിശ്വാസോത്സവ പുസ്തക വില 50 രൂപ.

*V. 51/2022* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് മാസത്തിലും ജനുവരി മാസത്തിലും മൂവാറ്റുപുഴ NESTT -ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസ്സിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ

കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3 ലിസ്റ്റിൽ ഇവരുടെ പേര് എൻ്റർ ചെയ്യുമ്പോൾ PVT എന്ന് ബ്രായ്ക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

4 പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദപാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.

5 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2022 ആഗസ്റ്റ് 13 ശനി

XII - 2022 ആഗസ്റ്റ് 13 ശനി

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI - 2023 ജനുവരി 14 ശനി

XII - 2023 ജനുവരി 14 ശനി

സ്ഥലം : NESTT, Muvattupuzha

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്. കോൺടാക്റ്റ് ക്ലാസ്സ് കൂടാത്തവർ നിർബന്ധമായും 5 ദിവസത്തെ ധ്യാനം കൂടണം. ധ്യാനം കൂടിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

*V. 52/2022* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 25, 26 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തും. എല്ലാ നവാ

ഗതരായ അദ്ധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 25-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് 26-ാം തീയതി വൈകിട്ട് 3.30 -ന് അവസാനിക്കും. വരുന്നവരുടെ പേരും അഡ്രസ്സും ജൂൺ 10 -ന് മുമ്പ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

## *V. 53/2022* Admission Register, Attendance Book, Bag etc.

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകളുടെ വില താഴെചേർക്കുന്നു.

| | | |
|---|---|---|
| Admission Register | - | ₹ 300 |
| Attendance Book | - | ₹ 15 |
| Application Form | - | ₹ 30 |
| Teachers' Attendance | - | ₹ 60 |
| Sunday School Bag | - | ₹ 80, 150 |

## *V. 54/2022* ലോഗോസ് ക്വിസ്

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V-ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കുന്നിടത്തോളം എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

**ലോഗോസ് ഫമിലിയ ക്വിസ് :** ലോഗോസ് ഫമിലിയ ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിലുണ്ടായിരിക്കണം. ഒരു ഫാമിലി ടീമിൽ 3 പേർ വേണം. ഈ മൂന്നു പേരുടെ എഴുത്തുപരീക്ഷയുടെ ആവറേജ് മാർക്കാണ് ടീമിന്റെ മാർക്കായി കണക്കാക്കുന്നത്.

**ബധിര ഭിന്ന ശേഷിയുള്ളവരുടെ ലോഗോസ് :** രൂപതയിൽ അവർക്ക് പ്രത്യേകമായി നടത്തുന്ന പരീക്ഷയിൽ ഉന്നത മാർക്ക് നേടു

ന്നവർക്കായി നവംബർ 20-ന് POC യിൽ ഫൈനൽ മത്സരം നടത്തുന്നു.

ഈ വർഷവും ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ തന്നെയാണ് നടത്തേണ്ടത്. ഇതുസംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും നമ്പറിൽ ബന്ധപ്പെടുക.

1) ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ 9447828373

2) ശ്രീ. ജോസഫ് പന്തപ്ലാക്കൽ 9446110044

**പങ്കെടുക്കുന്നവരെ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം -01-01-2011 -ന് ശേഷം ജനിച്ചവർ

B വിഭാഗം -01-01-2006 -നും 31-12-2010-നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം -01-01-1991 -നും 31-12-2005-നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം -01-01-1971 -നും 31-12-1990-നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം - 01-01-1958 -നും 31-12-1970-നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം - 31-12-1957-നു മുമ്പ് ജനിച്ചവർ

രജിസ്ട്രേഷൻ നിർബന്ധമായും മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മുൻവർഷത്തേപ്പോലെ ഈ വർഷവും Online Registration ആണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. രജിസ്ട്രേഷൻ 2022 ജൂൺ 1-ാം തീയതി ആരംഭിച്ച് 2022 ജൂലൈ 31-ാം തീയതി അവസാനിക്കുന്നതായിരിക്കും.

രജിസ്ട്രേഷൻ ഫീസ് 10 രൂപ.

മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) ജോഷ്വ 1-12;** **2) പ്രഭാഷകൻ 23-26;**

**3) മർക്കോസ് 9-16;** **4) 1 കോറി. 9-16**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

**രൂപതാതലം** - **2022 സെപ്റ്റംബർ 25 ഞായർ**

**പരീക്ഷാ സമയം** **ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30**

**സംസ്ഥാനതല എഴുത്തു പരീക്ഷ** - **2022 നവംബർ 6**

**സംസ്ഥാനതല ഫൈനൽ മത്സരം** - **2022 നവംബർ 19**

**ലോഗോസ് പ്രതിഭ, ലോഗോസ് ഫെമിലിയ,**
**ടെലെ ക്വിസ് മെഗാ ഫൈനൽ മത്സരം- നവംബർ 20**

**സമ്മാനങ്ങൾ :**

**അഖിലകേരളതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം - 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

2-ാം സമ്മാനം - 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം - 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം - 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും (ഒരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം - 500 രൂപ ബാക്കി എല്ലാവർക്കും നൽകുന്നതാണ്

**രൂപതാതലം** (ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 1500 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

5-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 3 പേർക്ക് വീതം.

★ 90-നും-100-നും ഇടയ്ക്കും 80-നും-89-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന എല്ലാ പ്രായവിഭാഗക്കാർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും.

★ 60-നും 69-നും ഇടയ്ക്കും 70-നും 79-നും ഇടയ്ക്കും മാർക്ക് വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും വിജ്ഞാനഭവന്റെ പ്രോത്സാഹനസമ്മാനങ്ങളും നല്കുന്നതാണ്.

★ 70-നും 79-നും ഇടയ്ക്ക് മാർക്കുവാങ്ങുന്ന B, C, D, E, F പ്രായവിഭാഗത്തിലുള്ളവർക്ക് KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

★ ഏറ്റവും കൂടുതൽ സിസ്റ്റേഴ്സ് പങ്കെടുക്കുന്ന കോൺഗ്രിഗേഷന് സമ്മാനം.

★ ഇടവകാംഗങ്ങളുടെ മൊത്തം എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് സമ്മാനം ഉണ്ടായിരിക്കും.

★ അഞ്ചാം ക്ലാസ്സ് മുതലുള്ള എല്ലാ കുട്ടികളും പങ്കെടുക്കുന്ന ഇടവകയ്ക്ക് (ഇവിടെ നല്കുന്ന സ്റ്റേറ്റുമെന്റ് പ്രകാരം) പ്രത്യേക സ മ്മാനം.

★ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന സൺഡേ സ്കൂൾ അധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകം ശ്രദ്ധിക്കുക:**

☞ 10 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ആരെയും പരീക്ഷ യെഴുതുവാൻ അനുവദിക്കുന്നതല്ല.

☞ രജിസ്ട്രേഷൻ നടത്തിയവർക്ക് പകരം പരീക്ഷയെഴുതുവാൻ ആർക്കും അനുവാദമില്ല.

☞ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ട് പരീക്ഷ എഴുതാത്ത സൺഡേസ്കൂൾ കുട്ടികളുണ്ടെങ്കിൽ അവരുടെ attendance register-ൽ അക്കാര്യം നോട്ട് ചെയ്യേണ്ടതാണ്.

☞ രണ്ട് ലിസ്റ്റുകൾ പ്രിന്റ് എടുത്ത് തരേണ്ടതാണ്.

☞ സൺഡേ സ്കൂൾ അദ്ധ്യാപകരുടെ പേരിന് നേരെ T എന്ന് ബ്രായ്ക്കറ്റിൽ ചേർക്കേണ്ടതാണ്.

☞ സിസ്റ്റേഴ്സിന്റെ പേരിനു നേരെ കോൺഗ്രിഗേഷൻ ഏതാ ണെന്ന് രേഖപ്പെടുത്തേണ്ടതാണ്. (അവസാനത്തെ രണ്ടു നിർദേ ശങ്ങൾ കൃത്യമായി പാലിക്കാത്തവരെ സമ്മാനത്തിന് പരിഗണിക്കു ന്നതല്ല.)

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.12/2022* **വിദ്യാലയ വർഷാരംഭം**

മദ്ധ്യവേനൽ അവധിക്കുശേഷം പുതിയ വിദ്യാലയ വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. കുട്ടികളുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുമ്പോഴാണ് സാമൂഹ്യ പ്രതിബദ്ധതയുള്ള പുതിയ തലമുറ രൂപപ്പെടുന്നത് എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

*Edn.13/2022* **ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

പുതിയ അക്കാദമിക വർഷം ആരംഭിക്കുന്നതിന് മുൻപ് എല്ലാ സ്കൂളുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പാക്കിയിരിക്കണം. ഏതെങ്കിലും സ്കൂളുകൾക്ക് ഇനിയും ഫിറ്റ്നസ് ലഭിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

*Edn.14/2022* **സർവീസിൽ നിന്ന് വിരമിക്കുന്നവർക്ക് ആദരം**

സ്തുത്യർഹമായ സേവനത്തിനുശേഷം സർവീസിൽ നിന്ന് വിരമിച്ച അദ്ധ്യാപക അദ്ധ്യാപകർക്ക് ആദരവ് അർപ്പിക്കാനുള്ള സമ്മേളനം ജൂൺ 11 ശനിയാഴ്ച രാവിലെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്നു.

*Edn.15/2022* **അദ്ധ്യാപക തസ്തികയിലേക്ക് ഇന്റർവ്യൂ**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള ഹയർസെക്കന്ററി സ്കൂളുകളിലേക്കുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിനുള്ള ഇന്റർവ്യൂ 2022 ജൂൺ 3, 4 തീയതികളിൽ കോതമംഗലം എഡ്യൂക്കേഷണൽ ഏജൻസി ഓഫീസിൽ വച്ച് നടക്കുന്നു.

*Edn.16/2022* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

നേരത്തെ അറിയിച്ചിരുന്നതുപോലെ 01-06-2022 വച്ചുള്ള സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ജൂൺ 15-ന് മുമ്പായി ഓഫീസിൽ എത്തിക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.11/2022* **കരിയർ ഗൈഡൻസ് വെബിനാർ നടത്തി**

നിർമ്മല കോളേജിലെ പ്ലേസ്മെന്റ് സെല്ലുമായി സഹകരിച്ച് കോളേജ് വിദ്യാർഥികൾക്കായി പി.എസ്.സി ഒരുക്ക കരിയർ ഗൈഡൻസ് വെബിനാർ നടത്തി. പ്രശസ്ത ട്രെയിനർ ശ്രീ. അജയ് വേണു ക്ലാസ്സ് നയിച്ചു.

*NiCSA.12/2022* **Diocesan സ്കോളർഷിപ്പ് പരീക്ഷ നടത്തി**

ഇടുക്കി, കോതമംഗലം രൂപതകളിലെ വിദ്യാർഥികൾക്ക് സിവിൽ സർവീസ് പരിശീലനത്തിന് ആവശ്യമായ സ്കോളർഷിപ്പ് നൽകുന്നതിനുള്ള പരീക്ഷ മെയ് 8 ഞായറാഴ്ച നടത്തി. ചുവടെ ചേർത്തിരിക്കുന്ന വിദ്യാർഥികൾ സ്കോളർഷിപ്പുകൾക്ക് അർഹരായി.

**75% Scholarship Secured**

| *Sl No.* | *Name* | *Place* |
|---|---|---|
| 1 | Jibin Jose | Pothanikad |
| 2 | Abhishek Sibi Thundiyil | Cheenikuzhy |
| 3 | Jithin Mathai | Thokkupara |
| 4 | Emil Roy | Eattithope |
| 5 | Jithu Johny | Karakkunnam |
| 6 | Alex Babu | Vellayamkudy |
| 7 | Alphy Paul | Njarakad |
| 8 | Deepthi Treesa Manuval | Vellathooval |
| 9 | Antony Sojan | Thokkupara |
| 10 | Joyal Jimmy | Randar |

**33% Scholarship Secured**

| Sl No. | Name | Place |
|---|---|---|
| 1 | Oliviya George | Rajakumary |
| 2 | Annu Georly | Purappuzha |
| 3 | Jwala Treesa Jaison | Thodupuzha |
| 4 | Meenu Jose | Anchiri |
| 5 | Anisha Roy | Kurisupara |
| 6 | Cheril Siby Sebastian | Mailacombu |
| 7 | Josepaul T Biju | Karimannoor |
| 8 | Ashly Babu | Chempakapara |
| 9 | George Benny | Parappuzha |
| 10 | Dennis Sojan | Vazhakala |
| 11 | Brigitt Baby | Kadavoor |
| 12 | Jeslin Joseph | Ponnanthanam |
| 13 | Ajily Johny | Myladumpara |
| 14 | Lizmaria Mathews | Peringuzha |
| 15 | Alex M George | Murickassery |

*NiCSA.13/2022* **ഒന്നാം വാർഷിക ആഘോഷവും PSC കോച്ചിങ്ങ് ഉദ്ഘാടനവും**

Nirmala Civil Service Academy ഒരുവർഷം വിജയകരമായി പൂർത്തിയാക്കിയതിന്റെ വാർഷികാഘോഷം May 9 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അധ്യക്ഷനായുള്ള യോഗത്തിൽ ബഹു. ഹൈക്കോടതി ജസ്റ്റീസ് ശ്രീമതി. സോഫി തോമസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പി.എസ്.സി പരിശീലനത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ നിർവഹിച്ചു. രൂപതയിലെ നിരവധി വൈദികരും സിസ്റ്റേഴ്സും ഒപ്പം എല്ലാ വിദ്യാർഥികളും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.

*NiCSA.14/2022* **PSC പരിശീലനം**

നമ്മുടെ അക്കാദമിയിൽ ജൂൺ മാസം 6 മുതൽ PSC റെഗുലർ ബാച്ച് പരിശീലനം ആരംഭിക്കുകയാണ്. പി.എസ്.സിയുടെ വിവിധ മത്സര പരീക്ഷകൾക്കായി നമ്മുടെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും കൃത്യമായ പരിശീലനം നൽകുന്നതുമാണ് ലക്ഷ്യം. പത്താം

ക്ലാസ്സ് പാസായവർ മുതൽ ഡിഗ്രി പൂർത്തിയാക്കിയവർക്ക് വരെ പി എസ് സി വഴി ജോലി ലഭിക്കും. നമ്മുടെ യുവജനങ്ങൾ കൂടുതലായി സർക്കാർ ജോലികളിലേക്ക് കടന്നുവരേണ്ടതു നമ്മുടെ സമുദായത്തിന്റെ ആവശ്യമാണ്.

PSC സിലബസ് ആധാരമാക്കി വിവിധ മത്സര പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ ഒരുക്കുന്ന തരത്തിലുള്ള 6 മാസ റെഗുലർ പരിശീലനമാണ് കേരളത്തിലെ ഏറ്റവും പ്രഗൽഭരായ പരിശീലകരെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്നത്.

കോഴ്സ് ഫീ. Rs. 10000/. കോതമംഗലം രൂപതയിലെ കത്തോലിക്കാ ഉദ്യോഗാർഥികൾക്ക് Rs. 8500/.

ഇക്കാര്യം ഇടവകയിൽ അറിയിക്കുകയും താൽപര്യമുള്ളവരെ പ്രോത്സാഹിപ്പിച്ചു പറഞ്ഞയയ്ക്കുകയും ചെയ്യുമല്ലോ.

*NiCSA.15/2022* **സിവിൽ സർവീസ് പരിശീലന ക്ലാസ്സ് ആരംഭിക്കുന്നു**

ജൂൺ 11-ന് നമ്മുടെ സിവിൽ സർവീസ് പരിശീലന കോഴ്സായ Mains Cum Prelims ബാച്ചിലെ വിദ്യാർത്ഥികൾക്കായുള്ള ഒരു വർഷം നീളുന്ന ക്ലാസ്സ് ആരംഭിക്കുകയാണ്. ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട്. താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

Contact: 7907119072, 9496065457

*Administrator*

## സോഷ്യൽ സർവീസ്

*SS.25/2022* **നന്ദി**

കഴിഞ്ഞ ഒരുവർഷക്കാലം കോതമംഗലം രൂപത സോഷ്യൽ സർവീസസ് ഡയറക്ടറായി സേവനം ചെയ്ത ഞാൻ ഉപരിപഠനാർത്ഥം തൽസ്ഥാനത്തുനിന്നും മാറുകയാണ്. ഈ കാലയളവിൽ ബഹു. വികാരിയച്ചൻമാരും സംഘടനാപ്രതിനിധികളും സ്റ്റാഫ് അംഗങ്ങളും എന്നോട് കാണിച്ച സ്നേഹത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി പറയുന്നു.

*SS.26/2022* **സ്വാഗതം**

രൂപത സോഷ്യൽ സർവീസസ് ഡയറക്ടറായി ചുമതല ഏൽക്കുന്ന ബഹു. ജോർജ് പൊട്ടക്കൽ അച്ചന് സോഷ്യൽ സർവീസ് കുടുംബത്തിലേക്ക് ഹാർദ്ദമായ സ്വാഗതം.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 25/2022* **സംസ്ഥാന വാർഷികം**

മെയ് 2-ന് മുരിക്കാശ്ശേരിയിൽ വച്ചു നടന്ന സംസ്ഥാന വാർഷികത്തിൽ രൂപത പ്രതിനിധികൾ പങ്കെടുത്തു. 2020-21 വർഷത്തെ മികച്ച രൂപതക്കുള്ള ട്രോഫി കോതമംഗലം രൂപതയും മികച്ച മേഖലക്കുള്ള ട്രോഫി കോതമംഗലം, മൂവാറ്റുപുഴ മേഖലകളും മികച്ച ശാഖക്കുള്ള ട്രോഫി തൊടുപുഴ, ആരക്കുഴ, രണ്ടാർ ഇടവകകളും ഏറ്റുവാങ്ങി.

*CML 26/2022* **രൂപത ധ്യാനം**

ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസ്സിലെ കുട്ടികൾക്കായി മെയ് 9, 10, 11 തീയതികളിലും മെയ് 30, 31, ജൂൺ 1 തീയതികളിലും മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രൂപതാതല ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. ദിവ്യരക്ഷക സഭാവൈദികർ ധ്യാനത്തിന് നേതൃത്വം നൽകി. 450 ഓളം കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

*CML 27/2022* **പുതിയ നേതൃത്വം**

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. വർഗീസ് പാറമേൽ |
| ജോ. ഡയറക്ടർ | - | സി. ഫിലോ റാണി SABS |
| പ്രസിഡന്റ് | - | ഡെൻസൺ ഡോമിനിക്, നീണ്ടപാറ |
| വൈസ് പ്രസിഡന്റ് | - | ബിൻസി ബെന്നി, നാടുകാണി |
| ജനറൽ സെക്രട്ടറി | - | എബിൻ സിബി, മുണ്ടൻമുടി |
| അസി. സെക്രട്ടറി | - | അജിത് ജോസഫ്, നടുക്കര |
| ജോ. സെക്രട്ടറി | - | റോഷ്നി ബി. കരിമ്പാനിയിൽ, മുതലക്കോടം |
| ഓർഗനൈസർ | - | കെവിൻ ജോസഫ്, കലയന്താനി |

റീജിയണൽ ഓർഗനൈസേഴ്സ്

1. അലീന ബെന്നി, നേര്യമംഗലം - കോതമംഗലം
2. ജെറി ജി അറയ്ക്കൽ, ആരക്കുഴ - മൂവാറ്റുപുഴ
3. ആകാശ് ബിബിൻ ജോൺ, മാറിക - തൊടുപുഴ
4. ഡോണൽ റോയ്, ചീനിക്കുഴി - മുതലക്കോടം

സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ

1. ജോയൽ ജിമ്മി, രണ്ടാർ
2. അഭിഷേക് സിബി, ചീനിക്കുഴി
3. ടിനു ടിജി, മുണ്ടൻമുടി

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

1. ജെഫിൻ നോബിൾ, ചിലവ്
2. ജോഷ്വ ഷാജി, വണ്ണപ്പുറം
3. അലൻ ബൈജു, പൊന്നന്താനം
4. ബ്രിജിറ്റ് ജോസ്, മുളപ്പുറം

ഓഡിറ്റർമാർ

1. അമൽ ഷാജു, മുതലക്കോടം
2. ഡോൺ ജോർജ്, നെടിയശാല

*ML 28/2022* **ശാഖ പ്രവർത്തനവർഷ ഉദ്ഘാടനവും തെരഞ്ഞെടുപ്പും**

ഈ വർഷത്തെ ശാഖ പ്രവർത്തനവർഷ ഉദ്ഘാടനവും ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ജൂൺ 5, 12 തീയതികളിൽ എന്നെങ്കിലും ശാഖയിലെ സൗകര്യാർത്ഥം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

# കെ.സി.എസ്.എൽ.

*KCSL. 14/2022* **സ്റ്റേറ്റ് ക്യാമ്പ്**

മെയ് 17-ാം തീയതി POC-യിൽ വച്ച് നടന്ന ലീഡേഴ്സ് ക്യാമ്പിലും തെരഞ്ഞെടുപ്പിലും നമ്മുടെ രൂപതയിൽ നിന്ന്, UP, HS, HSS

വിഭാഗത്തിൽനിന്ന് രണ്ടുപേർ വച്ച് പങ്കെടുത്തു. സ്റ്റേറ്റിൽ ഹയർ സെക്കൻഡറി സെക്രട്ടറിയായി ആനന്ദ് ജോ നെടുങ്കല്ലേൽ തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

*KCSL. 15/2022* **പ്രവർത്തനവർഷ ഉദ്ഘാടനം**

ജൂൺ മൂന്നിന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് പ്രവർത്തനവർഷ ഉദ്ഘാടനം നടത്തപ്പെടും.

*KCSL.16/2022* **രൂപതാ വാർഷിക കൗൺസിൽ**

ജൂൺ 18-ന് രൂപതാ വാർഷിക കൗൺസിലും 2021-22 വർഷത്തിലെ ബെസ്റ്റ് ആനിമേറ്ററിനുള്ള അവാർഡും റിപ്പോർട്ട് അവതരണവും ഉണ്ടായിരിക്കും.

*KCSL.17/2022* **യൂണിറ്റ് തല തെരഞ്ഞെടുപ്പ്, അംഗത്വം**

ജൂൺ രണ്ടാമത്തെ ആഴ്ചയോടുകൂടി യൂണിറ്റ് തല ഭാരവാഹികളെ തെരഞ്ഞെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും അംഗത്വം കൊടുക്കുകയും അവരുടെ പേര് വെബ്സൈറ്റിൽ ചേർക്കുകയും ചെയ്യണം എന്ന് ഓർമിപ്പിക്കുന്നു.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 13/2022* **ഹൃദയംഗമമായ നന്ദി**

ഫാമിലി അപ്പോസ്തലേറ്റിന്റെയും മാതൃവേദിയുടെയും ഡയറക്ടറായി സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച് പുതിയ ശുശ്രൂഷാവേദിയിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹു. ജോർജ് കുരിശുംമൂട്ടിലച്ചന് ഫാമിലി അപ്പോസ്തലേറ്റിന്റെയും മാതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ യാത്രയയ്പ്പ് നൽകി

*FA 14/2022* **ജൂബിലി ദമ്പതി സംഗമം**

കുടുംബവർഷസമാപനത്തോടനുബന്ധിച്ച് വിവാഹത്തിന്റെ 50 ഉം 25 ഉം വർഷങ്ങൾ പൂർത്തിയാക്കിയ ജൂബിലി ദമ്പതിമാരുടെ സംഗമം നടത്തുന്നു. ജൂൺ 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്ന

സംഗമത്തിൽ ജൂബിലിദമ്പതിമാർക്ക് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മംഗളപത്രം നൽകി ആദരിക്കും. സംഗമത്തോടനുബന്ധിച്ച് കൃതജ്ഞതാബലി, വിവാഹവ്രതനവീകരണം, ക്ലാസ്സ്, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 15/2022* **ആദരാഞ്ജലികൾ**

ഫാമിലി അപ്പോസ്തലേറ്റിന്റെ രൂപതാപ്രസിഡന്റായി നിസ്തുല സേവനമുഷ്ഠിച്ചുവന്നിരുന്ന ശ്രീ. ജോണി ഇലവുംകുടിയുടെ അകാല വിയോഗത്തിൽ ഫാമിലി അപ്പോസ്തലേറ്റ് രൂപതാകുടുംബത്തിന്റെ ആദരാഞ്ജലികൾ.

*FA 16/2022* **ഹൃദയപൂർവകമായ സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടർ ആയി ചുമതലയേറ്റ ജോസ് കിഴക്കേൽ അച്ചന് ഹൃദയപൂർവകമായ സ്വാഗതം.

*FA 17/2022* **പ്രീ മാര്യേജ് കോഴ്സ്**

ജൂൺ - 8, 9, 10 NESTT
24, 25, 26 NESTT

*Director*

# പിതൃവേദി

*PV 6/2022* **ഒറീസ്സായ്ക്ക് വീണ്ടും സഹായം**

700 കിലോ ഉപയോഗയോഗ്യമായ നല്ല വസ്ത്രങ്ങൾ രൂപതാ പിതൃവേദിയുടെയും യൂണിറ്റ് ഭാരവാഹികളുടെയും നേതൃത്വത്തിൽ ട്രെയിൻ മാർഗ്ഗം ഒറീസ്സാ മിഷനിലേക്ക് അയയ്ക്കുകയുണ്ടായി. ഇത് കാണ്ടമാൽ, റായിഗുഡാ എന്നീ പ്രദേശങ്ങളിലുള്ള വില്ലേജുകളിലും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ബോർഡിംഗുകളിലും അവിടെയുള്ള വൈദികർ വിതരണം ചെയ്യുകയുണ്ടായി. ഉടുതുണിക്ക് മറുതുണിയില്ലാത്ത അവിടുത്തെ പാവപ്പെട്ട ജനങ്ങൾക്ക് ഇതൊരു വലിയ അനുഗ്രഹമായി. കൂടാതെ കൊന്ത കെട്ടുന്നതിനാവശ്യമായ പതിനായിരം രൂപയോളം വിലവരുന്ന മെറ്റീരിയൽസ് ഇടവകയിൽ നിന്നും ലഭിച്ചതും അയച്ചുകൊടുക്കുകയുണ്ടായി. വിജ്ഞാനമാതാ ഇടവകയുടെ ബഹു. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം KCYM അംഗ

ങ്ങൾ കളക്ട് ചെയ്ത വസ്ത്രങ്ങൾ രൂപതാ പിതൃവേദിയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് പേപ്പർ കൊണ്ട് wrap ചെയ്ത് കെട്ടി Train-ൽ അയയ്ക്കുകയാണ് ചെയ്തത്. 24-4-2022-നാണ് അയച്ചത്.

*Director*

## മാതൃവേദി

*MV 12/2022* **അഭിനന്ദനങ്ങൾ... ആശംസകൾ...**

കോതമംഗലം രൂപത മാതൃവേദി ഭാരവാഹികളായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

| | |
|---|---|
| പ്രസിഡന്റ് | - മിനി ജോസ് പാറപ്പുറം, നെടുങ്ങപ്ര |
| വൈസ് പ്രസിഡന്റ് | - ലിസി ഷാജി പാലയ്ക്കൽ, കദളിക്കാട് |
| സെക്രട്ടറി | - ഡോളി ബെന്നി പരുന്താനിയിൽ, തൊമ്മൻകുത്ത് |
| ജോ. സെക്രട്ടറി | - ജിജി നിജോ ഇടശ്ശേരിയിൽ, വിജ്ഞാനമാത |
| ട്രഷറർ | - ലാലി സെബാസ്റ്റ്യൻ കുന്നേൽ, മുളപ്പുറം |
| സെനറ്റ് | - മേഴ്സി ജോസ് ഇടശ്ശേരിയിൽ, മുതലക്കോടം |
| സെനറ്റ് | - റൂബി തോമസ് നെടുങ്കല്ലേൽ, മൈലക്കൊമ്പ് |

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 14/2022* **രൂപത എക്സിക്യൂട്ടീവ് യോഗം**

DFC കോതമംഗലം രൂപത എക്സിക്യൂട്ടീവ് യോഗം 2022 മെയ് മാസം 4-ാം തീയതി കരിമണ്ണൂർ ഫൊറോനപള്ളി ഹാളിൽ ചേർന്നു. കോതമംഗലം രൂപതയിൽ ദീപികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി നടത്തേണ്ട പ്രവർത്തനങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു. പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും എല്ലാ ഫൊറോനകളിലും മാസത്തിൽ ഒരു ഇടവകയിലെങ്കിലും Dream Line Project നടത്തുവാനും തീരുമാനിച്ചു.

**DFC 15/2022 ഫൊറോന സമിതി യോഗം**

23-04-2022-ൽ മാറികയിലും കരിമണ്ണൂരും 08-05-2022-ന് മൂവാറ്റുപുഴയിലും ഫൊറോന സമിതിയോഗങ്ങൾ ചേർന്നു. ഫൊറോനതല പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും ഇടവക സമിതികൾ പുനഃസംഘടിപ്പിക്കുവാനും തീരുമാനിച്ചു.

*Co-ordinator*

# യുവദീപ്തി - KCYM

**YD 16/2022 രൂപത കൗൺസിൽ**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ 2021-22 വർഷത്തെ രൂപതാ കൗൺസിലും പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് 2022 മെയ് 1-ന് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ജിബിൻ ജോർജ് അധ്യക്ഷനായിരുന്ന കൗൺസിൽ കോതമംഗലം രൂപത വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതയിലെ 14 ഫൊറോനകളിൽ നിന്നുമുള്ള ഭാരവാഹികൾ കൗൺസിലിൽ പങ്കെടുത്തു.

താഴെ പറയുന്നവരെ 2022-2023 വർഷത്തെ ഭാരവാഹികളായി തെരഞ്ഞെടുത്തു

| | | |
|---|---|---|
| പ്രസിഡന്റ് | - | പോൾ സേവ്യർ |
| വൈസ് പ്രസിഡന്റുമാർ | - | ജിബിന ജെയിംസ്,<br>ഡിജോ ജെ പെരുമാലിൽ |
| ജനറൽ സെക്രട്ടറി | - | ജെറിൻ വർഗ്ഗീസ് |
| സെക്രട്ടറിമാർ | - | ഡോണാ സാബു, സുഷ്മിനി സുരേഷ്,<br>ആൽബിൻ ബെന്നി, അതുൽ ബെന്നി |
| ട്രഷറർ | - | ആൻ മരിയ തോമസ് |

| | | |
|---|---|---|
| സ്റ്റേറ്റ് സെനറ്റ് അംഗങ്ങൾ | - | പോൾ സേവ്യർ<br>നോബിൾ ലാൽ വർഗീസ്<br>ഹെൽഗാ ഷിബു<br>മഞ്ജിമ ജോർജ് |
| സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ | - | ജിബിൻ ജോർജ്<br>അനു ഫ്രാൻസീസ് |

## *YD 17/2022* ഫൊറോന, യൂണിറ്റ് തെരഞ്ഞെടുപ്പുകൾ

ഫൊറോന തെരഞ്ഞെടുപ്പുകൾ ജൂൺ 12-നകവും യൂണിറ്റ് തെരഞ്ഞെടുപ്പുകൾ ജൂൺ 30-നകവും നടത്തി ഭാരവാഹികളുടെ പേര് വിവരങ്ങൾ രൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോന ഇലക്ഷൻ തീയതികൾ രൂപതാസമിതിയെയും യൂണിറ്റ് ഇലക്ഷൻ തീയതികൾ ഫൊറോന സമിതിയെയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. തെരഞ്ഞെടുപ്പുകൾ കൃത്യസമയത്ത് പൂർത്തിയാക്കുവാൻ ബഹുമാനപ്പെട്ട ഡയറക്ടർമാരും ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## *YD 18/2022* ഫിയസ്റ്റ 22: നേതൃത്വ പരിശീലന ക്യാമ്പ്

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപത യുവജനങ്ങൾക്കായി നടത്തുന്ന ത്രിദിന നേതൃത്വപരിശീലന ക്യാമ്പ് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് കോതമംഗലം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. പോൾ സേവ്യർ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ ആമുഖ പ്രഭാഷണം നടത്തി. യോഗത്തിൽ രൂപത ജനറൽ സെക്രട്ടറി ശ്രീ. ജെറിൻ വർഗീസ്, രൂപത ആനിമേറ്റർ സി. സ്റ്റെല്ല എസ്.എ.ബി. എസ്, രൂപത ജനറൽ സെക്രട്ടറി ജെറിൻ വർഗീസ്, എസ്.എം.വൈ.എം സംസ്ഥാന സെക്രട്ടറി ശ്രീ. ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു. മാനന്തവാടി രൂപതാ പി.ആർ.ഒ റവ. ഫാ. നോബിൾ പാറയ്ക്കൽ & ടീം ക്യാമ്പിന് നേതൃത്വം നൽകി. റവ. ഫാ. ജോസഫ് ഇലഞ്ഞിമറ്റം, റവ. ഫാ. ജിനോ പുന്നമറ്റം എന്നിവർ ക്ലാസ്സ് നയിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 96 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

*YD 19/2022* **സ്വാഗതം**

യുവദീപ്തി കെസിവൈഎം കോതമംഗലം രൂപത അസി. ഡയറക്ടറായി റവ. ഫാ. ജോർജ് പീച്ചാനിക്കുന്നേൽ നിയമിതനായി. ഹൃദ്യമായ സ്വാഗതം.

*YD 20/2022* **കെ സി വൈ എം -ന്റെ 2022 -2023 പ്രവർത്തന വർഷത്തിൽ ഫൊറോനകളെ നയിക്കാൻ നിയമിതരായവർ**

| | | |
|---|---|---|
| 1 | Cathedral | Fr. Mathew Kizhakkedath<br>Fr. Joseph Madathil (Jr) (Asst.) |
| 2 | Arakuzha | Fr. John Mundackal |
| 3 | Kaliyar | Fr. Joseph Mundunadayil<br>Fr. Alex Thanikunnel (Asst.) |
| 4 | Karimannoor | Fr. Jose Pothoor<br>Fr. Joseph Thanickal (Asst.) |
| 5 | Kurupumpady | Fr. Paulose Nedumthadathil |
| 6 | Mailacombu | Fr. Emmanuel Mundackal |
| 7 | Marika | Fr. Sebastian Kanimattathil<br>Fr. Mathew Tharappil (Asst.) |
| 8 | Muthalakodam | Fr. George Chemparathy<br>Fr. Peter Paremman (Asst.) |
| 9 | Muvattupuzha | Fr. Martin Kachiraparekudiyil |
| 10 | Oonnukal | Fr. James Choorathotty |
| 11 | Paingottoor | Fr. Joseph Kapiarumalayil<br>Fr. Scaria Methippara (Asst.) |
| 12 | Thodupuzha | Fr. Joseph Athickal<br>Fr. Joseph Kunnumpurath (Asst.) |
| 13 | Vazhakulam | Fr. Antony Vilayapillil |
| 14 | Velielchal | Fr. Thomas Vattathottathil |

*Director*

## ജീസസ് യൂത്ത്

*JY 27/2022* **Follow Me**

ഏപ്രിൽ 27–30 ദിവസങ്ങളിൽ follow me teens retreat മൂവാറ്റുപുഴ NESTT -ൽ വച്ചു നടത്തപ്പെട്ടു. നൂറ്റി അറുപതിൽ പരം കുട്ടികൾ പങ്കെടുത്തു.

*JY 28/2022* **BLISS**

മെയ് 19–22 ദിവസങ്ങളിൽ BLISS നടത്തപ്പെട്ടു. പ്ലസ് ടു, ഡിഗ്രി വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ഈ ധ്യാനം. അൻപതിൽ പരം കുട്ടികൾ പങ്കെടുത്തു. മുവാറ്റുപുഴ നിർമല ഹയർ സെക്കന്ററി സ്കൂളിൽ വച്ചാണ് നടന്നത്.

*JY 29/2022* **House Hold**

മെയ് മാസം ഹൗസ് ഹോൾഡ് തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ചു നടത്തപ്പെട്ടു. മെയ് 1 -ന് ആണ് നടന്നത്.

*JY 30/2022* **Mission Month Journey**

MMJ യുടെ ഭാഗമായി മെയ് 21 -ന് കോതമംഗലം സോണിൽ നിന്നും Jharkhand മിഷന് പുറപ്പെട്ടു. അതേപോലെ തന്നെ ഈ മാസം നമ്മുടെ സോണിൽ നിന്നും ബീഹാറിന് mission month ജേർണിയുടെ ഭാഗമായും പുറപ്പെട്ടു. ബീഹാറിൽ വെച്ച് മെയ് 29 ജൂൺ 5 വരെ നടക്കുന്ന mission finale യിൽ ഇവർ പങ്കെടുക്കുന്നുണ്ട്.

*Animator*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 28/2022* **പുനഃസംഘടിപ്പിക്കപ്പെട്ട സബ്സോൺ സർവീസ് ടീമംഗങ്ങളുടെ അഭിഷേക പ്രാർത്ഥന**

പുനഃസ്സംഘടിപ്പിക്കപ്പെട്ട മാറിക, പൈങ്ങോട്ടൂർ, കരിമണ്ണൂർ, മൂവാറ്റുപുഴ സബ് സോൺ സേവന സമിതിയംഗങ്ങളുടെ അഭിഷേക

പ്രാർത്ഥനാശുശ്രൂഷ 27.5.22 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കാരക്കുന്നം പള്ളിയിൽ വച്ച് നടന്നു.

*PG 29/2022* **സബ്സോൺ സേവന സമിതികളുടെ പുനഃസംഘടന**

ജൂൺ മാസത്തിൽ സോൺ സർവീസ് ടീമിന്റെ നേതൃത്വത്തിൽ വാഴക്കുളം, കോതമംഗലം, തൊടുപുഴ, ഊന്നുകൽ സബ് സോണുകളുടെ പുനഃസംഘടന നടക്കുന്നു.

*PG 30/2022* **കാരക്കുന്നം ശുശ്രൂഷകൾ**

03.06.22 ആദ്യ വെള്ളിയാഴ്ച, വൈകിട്ട് 5 മണി മുതൽ 9 മണി വരെ രാത്രി ആരാധനയും 10.06.22, 17.06.22 എന്നീ വെള്ളിയാഴ്ചകളിൽ രാവിലെ 9.30 മുതൽ 1.30 വരെ അർദ്ധദിന ശുശ്രൂഷകളും ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നിവയോടെ നടത്തപ്പെടുന്നതാണ്.

*PG 31/2022* **മദ്ധ്യസ്ഥ പ്രാർത്ഥന**

കാരക്കുന്നം ശുശ്രൂഷകൾക്കായും സോൺ, സബ്സോൺ, പ്രാർത്ഥനാ കൂട്ടായ്മ പുനഃസംഘടനക്കൊരുക്കമായും എല്ലാ ബുധനാഴ്ചകളിലും രാത്രി 9 മുതൽ 10 വരെ നടത്തപ്പെടുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ജൂൺ മാസത്തിലും തുടരും. കൂടാതെ ജൂൺ മാസത്തെ സോൺ മദ്ധ്യസ്ഥപ്രാർത്ഥന 21.6.22 -ന് നടക്കുന്നതാണ്.

*PG 32/2022* **സോൺ സർവീസ് ടീം**

ജൂൺ മാസത്തെ സോൺ സർവീസ് ടീം 07.06.22 -ന് സോൺ ആനിമേറ്റർ ഫാ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ കാരക്കുന്നത്ത് ഒരുമിച്ചുകൂടുന്നു

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 5/2022* **സന്ദർശനങ്ങൾ, സഹായങ്ങൾ**

മൂവാറ്റുപുഴ ഏസി ഭാരവാഹികൾ മാമലക്കണ്ടം, പഴമ്പിള്ളിച്ചാൽ കോൺഫറൻസുകൾ സന്ദർശിച്ച്, 42000/- രൂപവീതം സാമ്പ

ത്തികസഹായം നൽകി. കൂടാതെ അഞ്ഞൂറ് രൂപ വിലവരുന്ന പലചരക്ക് സാധനങ്ങളടങ്ങിയ പത്തോളം കിറ്റുകളും വിതരണം ചെയ്തു. മുവാറ്റുപുഴ നിർമലമാതാ കോൺഫറൻസ് മാമലക്കണ്ടം കോൺഫറൻസിന് 60000/- രൂപയും സഹായം നൽകി. ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് ഒരു കരൾ മാറ്റ ശസ്ത്രക്രിയ സഹായമായി 52000/- രൂപയും, വിദ്യാഭ്യാസ സഹായമായി 10000/- രൂപയും നൽകി.

ഊന്നുകൽ സെന്റ് ലിറ്റിൽ ഫ്ളവർ വനിത കോൺഫറൻസിന്റെ നേതൃത്വത്തിൽ അംഗങ്ങൾ കീരംപാറ മരിയസദനും, തൊടുപുഴ വിജ്ഞാന മാതാ കോൺഫറൻസ് അംഗങ്ങൾ മൂലമറ്റം അസ്സീസി ഭവനും സന്ദർശിച്ച് സാമ്പത്തിക സഹായങ്ങൾ നൽകി.

വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ കാരുണ്യ പ്രവർത്തനങ്ങളുടെ ഏറ്റവും ഉദാത്തമായ ഒരു ഉദാഹരണം തലയനാട് നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ലൂർദ്ദ് മാതാ ഇടവകയിലെ മൃതസംസ്കാരവുമായി ബന്ധപ്പെട്ട, കുഴി തയ്യാറാക്കലടക്കം, ഉള്ള കാര്യങ്ങൾ ചെയ്യുന്നത് സൊസൈറ്റി അംഗങ്ങളാണ്. നിർധന കുടുംബങ്ങൾക്ക് ഇത് പൂർണ്ണമായും സൗജന്യമെന്നതിലുപരി പ്രസ്തുത കടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തുവരുന്നു.

കാരക്കുന്നം സെന്റ്മേരീസ് കോൺഫ്രൻസ് OLD IS GOLD എന്ന പദ്ധതി ആവിഷ്കരിച്ച് ഇടവകയിൽ നിന്നും ഉപയോഗയോഗ്യമായ വീട്ടുപകരണങ്ങൾ, ഫർണിച്ചറുകൾ, വസ്ത്രങ്ങൾ എന്നിവ ശേഖരിച്ച് ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു.

ഏനാനല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് 8,30000/- രൂപ ചെലവിട്ട് ഒരു ഭവനം നിർമ്മിച്ച് നൽകി. ഓസ്ട്രിയയിലെ സ്നേഹാലയ പ്രാർത്ഥനാഗ്രൂപ്പിന്റെ ധനസഹായം ഉണ്ടായിരുന്നു.

പെരുമണ്ണൂർ സെന്റ് ജോർജ്ജ് കോൺഫറൻസ് ഒരു വിദ്യാർത്ഥിനിക്ക് ഉപരിപഠന സഹായമായി Rs. 60000/- നൽകി.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 10/2022* **ലീഡേഴ്സ് മീറ്റ്**

കേരളാ ലേബർമൂവ്മെന്റിന്റേയും വിവിധ തൊഴിലാളി ഫോറങ്ങളുടെയും സംയുക്ത നേതൃസമ്മേളനം ജൂൺ 26 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30–ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ലേബർ മൂവ്മെന്റിന്റെയും തൊഴിലാളി ഫോറങ്ങളുടെയും രൂപതാ സോണൽ ഭാരവാഹികൾ, സ്വയം സഹായ സംഘടനകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരാണ് നേതൃസംഗമത്തിൽ പങ്കെടുക്കേണ്ടത്.

*Director*

# ഇൻഫാം

*INF4/2022* **നിവേദനം**

പൈനാപ്പിൾ കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് അഗ്രോ ഇൻഡസ്ട്രീസ് ചെയർമാൻ ജോസ് ടോമിന് ഇൻഫാം നിവേദനം നൽകി.

യൂറിയ ഉൾപ്പെടെയുള്ള നേർവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വാഴക്കുളം വിപണിയിലെത്തുന്ന ചെറുകിട കർഷകരുടെ പൈനാപ്പിളിന് മുൻഗണന നൽകുക, പൈനാപ്പിളിനെ ഡ്രൈ ഫ്രൂട്ട്സ് ഇനത്തിലേക്ക് മാറ്റി വിപണിയിലെത്തിക്കുക, ജൈവ് ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ പ്രധാന സ്ഥലങ്ങളിൽ ആരംഭിക്കുക, കൈതച്ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിച്ച് വിപണിയിലെ പ്രതിസന്ധി പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഇൻഫാം നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ ഏതാനും മാസങ്ങളായി യൂറിയ ഉൾപ്പെടെയുള്ള നേർവളങ്ങളുടെ ലഭ്യതക്കുറവ് കർഷകരെ വളരെ പ്രതികൂലമായി ബാധിക്കുന്നതായി ഇൻഫാം പ്രതിനിധികൾ അറിയിച്ചു.

യൂറിയ പോലെയുള്ള വളങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കണമെന്നും ആവശ്യമുയർന്നു. ഒരേക്കർ കൃഷിക്കുപോലും തികയാത്ത അളവാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്നും

കൂടുതൽ വളത്തിനായി അപ്പപ്പോൾ കൃഷി ഓഫീസുകളെ സമീപിക്കേണ്ട അവസ്ഥ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഓരോ കൃഷിഭവന്റെയും കീഴിലുള്ള പൈനാപ്പിൾ കർഷകരെ സഹായിക്കാൻ പൈനാപ്പിൾ കൃഷിയെ സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ഉണ്ടാക്കി പാട്ടക്കാലാവധിയായ 3 വർഷത്തെ കൃഷിക്ക് ആവശ്യമായ യൂറിയ ഉൾപ്പെടെയുള്ള വളങ്ങളുടെ അളവ് നിശ്ചയിച്ച് ലഭ്യമാക്കണം. പൈനാപ്പിൾ സംസ്കരിച്ച് ഡ്രൈ ഫ്രൂട്ട്സ് ഉൾപ്പെടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണം ഉടൻ ആരംഭിക്കണം.

പൈനാപ്പിളിന്റെ ഇലയിൽ നിന്നും നൂൽ ഉല്പാദിപ്പിച്ച് വിലയേറിയ വസ്ത്രങ്ങളും മറ്റും  നിർമ്മിക്കുവാൻ സാധിക്കും. ഇക്കാര്യത്തിലും നടപടി സ്വീകരിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, പ്രസിഡന്റ് ജോസ് എടപ്പാട്ട്, റോയി വള്ളമറ്റം, ജയിംസ് പള്ളിക്കമ്യാലിൽ, വി.എം. ഫ്രാൻസിസ്, ജയ്സൺ കോലടി, ബിജു ചെറുകാട്ട്, ജോയി പുള്ളുവേലി തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു നിവേദനം നൽകിയത്.

*INF5/2022* **നേതൃസമ്മേളനം**

വന്യമൃഗങ്ങളെ നാട്ടിലിറക്കി കർഷകരെയും പ്രദേശവാസികളെയും കുരുതി കൊടുക്കുന്ന സംസ്ഥാന സർക്കാർ നയം  അപലപനീയമാണെന്ന് ഇൻഫാം നേതൃസമ്മേളനം അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ കാർഷിക പ്രതിസന്ധികൾ പരിഹാരമില്ലാതെ അതിരൂക്ഷമായി തുടരുന്ന പശ്ചാത്തലത്തിൽ കർഷക പ്രക്ഷോഭമുൾപ്പെടെ തുടർ നടപടികളെക്കുറിച്ച് ആലോചിക്കുവാൻ ചേർന്ന ഇൻഫാം സംസ്ഥാനതല നേതൃസമ്മേളനമാണ് സർക്കാർ നയത്തെ അപലപിച്ചത്. കേന്ദ്ര സർക്കാരും ഇതര സംസ്ഥാനങ്ങളും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിയമം അനുകൂലമായില്ലെങ്കിൽ സംസ്ഥാനത്തെ കർഷകർ സംഘടിതരായി ഇതിനെതിരേ തിരിയേണ്ട  സമയം അതിക്രമിച്ചതായും സമ്മേളനം അഭിപ്രായപ്പെട്ടു. കർഷക സംരക്ഷണത്തിനായി ക്രമാതീതമായി പെരുകുന്ന വന്യജീവികളെ നിർമാർജനം ചെയ്യണമെന്ന ഗാഡ്ഗിലിന്റെ അഭിപ്രായം മുഖവിലയ്ക്കെടുക്കാൻ സർക്കാർ തയ്യാറാകണം. വന്യജീവികൾക്കായി

വിദേശ സാമ്പത്തിക ഏജൻസികളിൽ നിന്ന് വനം വകുപ്പ് സ്വീകരിക്കുന്ന സാമ്പത്തിക സഹായത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ സർക്കാരിന് ബാധ്യതയുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു.

ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ. വി. സി. സെബാസ്റ്റ്യൻ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളി മുഖ്യ പ്രഭാഷണം നടത്തി. കെ. മൈതീൻ ഹാജി, ജോയി തെങ്ങുംകുടിയിൽ, കെ.എസ് മാത്യു, ജോയി പള്ളിവാതുക്കൽ, റോയി വള്ളമറ്റം, സണ്ണി അരഞ്ഞാണി, ജോയി ചെറുകാട്ട്, ജയിംസ് പള്ളിക്കമ്യാലിൽ, വി. എം. ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി. യോഗത്തോടനുബന്ധിച്ച് സഭയുടെ ഇടവക ശുശ്രൂഷാരംഗത്ത് സമർപ്പിതസേവനം ചെയ്ത് 75 വയസ്സ് പൂർത്തിയായ ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിയെ സംസ്ഥാന സമിതി ആദരിച്ചു.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| June | 4 | - | Vincent De Paul Meeting |
| " | | - | CML Executive Meeting |
| " | 5 | - | Jesus Youth Meeting |
| " | 8 - 10 | - | Pre Marriage |
| " | 11 | - | Alumnae Meeting |
| " | 24 - 26 | - | Pre Marriage |
| " | 25 | - | കാറ്റിക്കിസം സ്റ്റാഫ് ട്രെയിനിംഗ് |

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Chettoor Justin | **June** | 1 |
| " | Kalamparambil Antony | " | 13 |
| " | Kottackal Antony | " | 13 |
| " | Maliyeckal Antony | " | 13 |

| | | | |
|---|---|---|---|
| Rev. Fr. | Njaliparambil Antony | **June** | 13 |
| ,, | Ovelil Antony | ,, | 13 |
| ,, | Pulimalayil Antony | ,, | 13 |
| ,, | Puthenkulam Antony | ,, | 13 |
| ,, | Vilayapillil Antony | ,, | 13 |
| ,, | Elenjedath John | ,, | 24 |
| ,, | Kadavan John | ,, | 24 |
| ,, | Pichappillil John | ,, | 24 |
| ,, | Akkapadickal Paul | ,, | 29 |
| ,, | Avirapattu Paul | ,, | 29 |
| ,, | Choorathotty Paul | ,, | 29 |
| ,, | Edathotty Paul | ,, | 29 |
| ,, | Inchaplackal Paul | ,, | 29 |
| ,, | Karakombil Paul | ,, | 29 |
| ,, | Kalathoor Paul | ,, | 29 |
| ,, | Mailackachallil Paul | ,, | 29 |
| ,, | Marattil Paulson | ,, | 29 |
| ,, | Nedumpurath Paul | ,, | 29 |
| ,, | Nedumthadathil Paulose | ,, | 29 |
| ,, | Parathazham Paul | ,, | 29 |
| ,, | Paremman Peter | ,, | 29 |
| ,, | Vilanguparayil Paul | ,, | 29 |
| " | Cherkottu Thomas | **July** | 3 |
| " | Cheruparampil Thomas | " | 3 |
| " | Kalariparambil Thomas | " | 3 |
| ,, | Kallarackal Thomas | ,, | 3 |
| " | Kannamkulam Thomas | ,, | 3 |
| " | Kapiarumalayil Thomas | ,, | 3 |
| " | Kottarathil Thomas | ,, | 3 |
| ,, | Kuzhinjalil Thomas | ,, | 3 |
| ,, | Malekudy Thomas | ,, | 3 |
| ,, | Mundackal Thomas | ,, | 3 |
| ,, | Panackal Thomas | ,, | 3 |

| | | | |
|---|---|---|---|
| Rev. Fr. | Parayidom Thomas | **July** | 3 |
| " | Periappuram Thomas | " | 3 |
| " | Poovathumkal Thomas | " | 3 |
| " | Pothanamuzhy Thomas | " | 3 |
| " | Vattathottathil Thomas | " | 3 |
| " | Vettikuzha Thomas | " | 3 |
| " | Vilanguparayil Thomas | " | 3 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഏപ്രിൽ 2022**

21 • ശതാബ്ദി സ്മാരകമായി പുനർനിർമ്മിച്ച ആനിക്കാട് കണ്ണപ്പുഴ സെന്റ് ആന്റണീസ് കപ്പേളയുടെ കൂദാശാകർമ്മം നിർവഹിച്ചു.

• വാഴക്കുളം വിശ്വജ്യോതി കോളേജിലെ Startup Incubation Centre -ൽ Carlo TV Media Hub – ന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും തുടർന്ന് നടന്ന ഭക്തസംഘടനകളുടെ മീഡിയ കോ–ഓർഡിനേറ്റേഴ്സിന്റെ യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

22 • ഇടുക്കി രൂപതാംഗമായ ബഹു. ജോസഫ് പാപ്പാടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

23 • മുതലക്കോടം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 • ദൈവകരുണയുടെ തിരുനാളിനോടനുബന്ധിച്ച് തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 • കടവൂർ ഇടവകാംഗമായ വള്ളിക്കാട്ട് മേരിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• SABS കോൺഗ്രിഗേഷന്റെ നവസന്യാസിനിമാരുടെ സഭാവസ്ത്ര സ്വീകരണത്തിനും പ്രഥമ വ്രതവാഗ്ദാനത്തിനും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- ബഹു. കുര്യാക്കോസ് കച്ചിറമറ്റം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മൂവാറ്റുപുഴ ഹോളി മാഗി ദൈവാലയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

26 • ഹോളി ക്രോസ് സഭാംഗമായ ഡീ. തോമസ് കിഴക്കേയറയ്ക്കലിന് കോലടി സെന്റ് തോമസ് ദൈവാലയത്തിൽ വൈദിക പട്ടം നൽകി.

- നെടിയശാല സെന്റ് മേരീസ് ദൈവലായത്തിൽ എരുംപുളംകാട്ടിൽ പ്രജീഷ്-ബീന ദമ്പതികളുടെ നാലാമത്തെ മകളായ എസ്തേറിന് പ്രവേശക കൂദാശകൾ നല്കി.
- നെസ്റ്റിൽ നടന്ന കാത്തലിക് നേഴ്സസ് ഗിൽഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

27 • CMF സഭാംഗമായ ഡീ. ബിബിൻ കൊച്ചുകരോട്ടിന് പന്നിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

28 • CMC കോൺഗ്രിഗേഷൻ സന്യാസിനികളുടെ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 • POC-യിൽ നടന്ന KCBC യോഗത്തിൽ പങ്കെടുത്തു.

- വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ NACC വിസിറ്റിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ പങ്കെടുത്തു.
- കേരള സഭാനവീകരണത്തോടനുബന്ധിച്ച് നടന്ന ഓൺലൈൻ ആലോചനായോഗത്തിൽ പങ്കെടുത്തു.

30 • MSJ ജനറലേറ്റിൽ നടന്ന നിത്യവ്രതവാഗ്ദാനം, രജതജൂബിലി എന്നിവയോടനുബന്ധിച്ച് നടന്ന വി. കുർബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

- തൃക്കാരിയൂർ സെന്റ് തോമസ് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**മെയ് 2022**

1 ● ആരക്കുഴ മലേക്കുരിശ് ദൈവാലയത്തിൽ എട്ടാമിടത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

2 ● ബഹു. ബ്ര. റോയി പള്ളിപറമ്പിലിന്റെ ജൂബിലിയോടനുബന്ധിച്ച് കാഞ്ചിയാർ സെന്റ് മേരീസ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ Divine Mercy Priests' Conference-ന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

● വാഴക്കുളം CMI ആശ്രമത്തിൽ ബഹു. വൈദികരുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്ന യോഗത്തിൽ പങ്കെടുത്തു.

3 ● ബിഷപ്സ് ഹൗസിൽ വച്ച് നടന്ന രൂപത പ്രെസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

4 ● കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

5 ● രൂപത വൈദിക വിദ്യാർത്ഥികളുടെ സഭാവസ്ത്രസ്വീകരണ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● കുത്തുങ്കൽ ഇടവകാംഗമായ ആനന്ദ് കണ്ണാടന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

6 ● കാരക്കുന്നം LSDP മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

7 ● നെസ്റ്റിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

● മിഷൻ സന്ദർശനത്തിന് പോകുന്ന ജീസസ് യൂത്ത് അംഗങ്ങൾക്കായി മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

● ഹോസ്പിറ്റൽ ദിനത്തോടനുബന്ധിച്ച് കോതമംഗലം ധർമ്മഗിരി ആശുപത്രിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് നടന്ന യോഗത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

8 ● കല്ലാനിക്കൽ ഇടവകാംഗമായ പരേതനായ ബഹു. മാത്യു ഇടശ്ശേരി അച്ചന്റെ മാതാവ് മറിയാമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

9 ● ചെപ്പുകുളം സെന്റ് തോമസ് ദൈവാലയത്തിൽ കുന്നേൽ ജെയ്മോൻ-ലിസ്സ ദമ്പതികളുടെ ഏഴാമത്തെ മകനായ ജോണിന് (മാർട്ടിൻ) പ്രവേശകകൂദാശകൾ നല്കി.

● നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടന്ന യോഗത്തിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

● ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന ധ്യാനത്തിൽ പങ്കെടുത്ത കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

10 ● CMF സഭാംഗങ്ങളായ ഡീ. ജോസഫ് മുതുപ്ലാക്കലിനും ഡീ. അബ്രാഹം വെളിയത്തിനും കരിമണ്ണൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

● രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് പ്രസിഡന്റും പാസ്റ്ററൽ കൗൺസിൽ അംഗവുമായ ഇലവുംകുടി സേവ്യറിന്റെ (ജോൺ) മൃതസംസ്കാര ശുശ്രൂഷകൾക്ക് ഊന്നുകൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

● പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച വി. അന്തോനീസിന്റെ ജീവചരിത്രവും അത്ഭുതങ്ങളും വിവരിക്കുന്ന 'പാദുവാ ജ്യോതിസ്സി'ന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

11 ● പൊള്ളാച്ചിയിൽ പുതുതായി ആരംഭിച്ച Jeeva Milk Chilling Plant-ന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

12 ● SD സന്യാസിനീ സമൂഹത്തിന്റെ നേതൃത്വത്തിൽ കീരംപാറയിൽ നടത്തുന്ന സ്നേഹസദന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● മുതലക്കോടം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ചെമ്പരത്തിക്കൽ അജിത്ത്-റീനു ദമ്പതികളുടെ നാലാമത്തെ മകളായ റോസ്മിസ്റ്റിക്കിന് പ്രവേശക കൂദാശകൾ നൽകി.

13 • മീങ്കുന്നം ഇടവകാംഗമായ ബഹു. തോമസ് ചേർക്കോട്ടച്ചന്റെ പിതാവ് ജോയിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

14 • മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടി കൾക്കായി ബിഷപ്സ് ഹൗസിൽ വച്ച് നടത്തിയ ഇന്റർവ്യൂവിന് നേതൃത്വം നൽകി.

15 • തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ലിസ മരിയയും ആശിഷും തമ്മിലുള്ള വിവാഹവാഗ്ദാന ശുശ്രൂഷ കൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• വി. ദേവസഹായം പിള്ളയുടെ നാമകരണത്തോടനുബന്ധിച്ച് നെടിയശാല ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

16 • CMC സന്യാസിനിസഭാംഗമായ സി. കാർമ്മലിന്റെ മൃതസം സ്കാര ശുശ്രൂഷകൾക്ക് മൂവാറ്റുപുഴ മഠത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ചു.

• ആവോലിച്ചാൽ ശാന്തിസദൻ ആശ്രമത്തിൽ നടന്ന ധ്യാനാവ സരത്തിൽ വൈദികവിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

17 • ഞാറക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ ഏയ്ഞ്ചൽസ് മീറ്റിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• നെല്ലിമറ്റം ഇടവകാംഗമായ ബഹു. ആന്റണി ഓവേലിൽ അച്ചന്റെ പിതാവ് തോമസ് ആന്റണിയുടെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• CMC സന്യാസിനിസഭാംഗമായ സി. ട്രീസ മാർഗരറ്റിന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് കോതമംഗലം മഠത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

19 • കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ വൈദി കവിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

20 • CBCI യുടെ ഓൺലൈനായി നടത്തപ്പെട്ട മീറ്റിംഗിൽ പങ്കെടുത്തു.

- ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ ബഹു. ജോസഫ് നെല്ലിക്കുന്നേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# Bishop's Engagements

## June 2022

| | | | |
|---|---|---|---|
| 1 | Wed | Holy Qurbana (Mission League Retreat) | NESTT |
| | | Academic Inauguration | Little Flower Seminary, Aluva |
| 2 | Thu | Holy Qurbana | Kuzhikattuserry |
| 4 | Sat | Vincent De Paul Central Council Anniversary | NESTT |
| | | KCYM Eparchial Team Meeting | Bishop's House |
| 5 | Sun | Academic Year Inauguration - Catechism | Cathedral |
| 6 | Mon | Baptism, Holy Communion | Anicadu |
| | | Chapel Blessing | Chalassery |
| 7-9 | Tue-Thu | KCBC | |
| 11 | Sat | Holy Qurbana | Purapuzha |
| | | Teachers' Gathering | NESTT |
| | | Family Meet | VJCET |
| 12 | Sun | Pastoral Visit, Blessing of the Presbytery | Bethlehem |
| 14 | Tue | Finance Council | Bishop's House |
| 17-18 | Fri- Sat | Pre-Synodal Diocesan Meeting | NESTT |
| 18 | Sat | Ordination | Karimanoor |
| 19 | Sun | Pastoral Visit | Thodupuzha |
| 25 | Sat | Laity Commission Meeting | POC |
| | | Eparchial Day | Arakuzha |
| 26 | Sun | Inauguration - Kerala Sabha Naveekaranam | |
| 28 | Tue | Jubilee | Vadavathoor |
| 30 | Thu | Baptism | Nellimattam |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. മാണി കളപ്പുരയിൽ | ചരമദിനം | 01-07-1991 |
| ഫാ. പോൾ തരണിയിൽ (Sr.) | ” | 02-07-2003 |
| ഫാ. ജോൺ തയ്യിൽ | ” | 08-07-1969 |
| ഫാ. ഇമ്മാനുവൽ കുര്യനാൽ | ” | 12-07-2018 |
| ഫാ. ജോസഫ് തുടിയൻപ്ലാക്കൽ | ” | 16-07-2013 |
| ഫാ. ജോസഫ് കണ്ണാത്തുകുഴി | ” | 17-07-2017 |
| ഫാ. ജോർജ്ജ് ആറാഞ്ചേരിൽ | ” | 26-07-2010 |
| ഫാ. തോമസ് നെടുംപുറം | ” | 28-07-1980 |

# നിര്യാതരായി

## സി. കാർമ്മൽ CMC (വടക്കേൽ)

| | | |
|---|---|---|
| ഇടവക | - | മൂവാറ്റുപുഴ |
| ജനനം | - | 19-03-1927 |
| ആദ്യവ്രതം | - | 12-02-1951 |
| നിത്യവ്രതം | - | 02-01-1957 |
| മരണം | - | 15-05-2022 |
| മൃതസംസ്കാരം | - | 16-05-2022 (മൂവാറ്റുപുഴ) |

## സി. ട്രീസാ മാർഗരറ്റ് CMC (കാക്കനാട്ട് പീച്ചാട്ട്)

| | | |
|---|---|---|
| ഇടവക | - | നെല്ലിമറ്റം |
| ജനനം | - | 14-01-1934 |
| ആദ്യവ്രതം | - | 15-04-1963 |
| നിത്യവ്രതം | - | 15-04-1967 |
| മരണം | - | 15-05-2022 |
| മൃതസംസ്കാരം | - | 17-05-2022 (കോതമംഗലം) |

## സി. വിയാനി FCC (കുഴികണ്ണിയിൽ)

| | | |
|---|---|---|
| ഇടവക | - | നാകപ്പുഴ |
| ജനനം | - | 04-08-1943 |
| ആദ്യവ്രതം | - | 07-05-1965 |
| നിത്യവ്രതം | - | 07-05-1968 |
| മരണം | - | 22-05-2022 |
| മൃതസംസ്കാരം | - | 23-05-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. തെയോഫില FCC (മൂഴിയിൽ)

| | | |
|---|---|---|
| ഇടവക | - | കടവൂർ |
| ജനനം | - | 17-01-1932 |
| ആദ്യവ്രതം | - | 09-05-1960 |
| നിത്യവ്രതം | - | 09-05-1963 |
| മരണം | - | 23-05-2022 |
| മൃതസംസ്കാരം | - | 24-05-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. മേരി FCC (കുന്നുംപുറത്ത്)

| | | |
|---|---|---|
| ഇടവക | - | പെരുമ്പിള്ളിച്ചിറ |
| ജനനം | - | 25-01-1940 |
| ആദ്യവ്രതം | - | 07-05-1965 |
| നിത്യവ്രതം | - | 07-05-1968 |
| മരണം | - | 24-05-2022 |
| മൃതസംസ്കാരം | - | 25-05-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

# റവ. ഫാ. മാത്യു കാക്കനാട്ട്



ജനനം : 21-10-1946
പൗരോഹിത്യം : 22 - 12 - 1972

ആയവന ഇടവകാംഗമായ ബഹു. മാത്യു കാക്കനാട്ട് അച്ചൻ കോതമംഗലം മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 22-ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ കൈവയ്പ് വഴി പൗരോഹിത്യം സ്വീകരിച്ചു. അരനൂറ്റാണ്ട് കാലത്തെ സജീവമായ പൗരോഹിത്യശുശ്രൂഷയിൽ ഹൈറേഞ്ചിലും ലോറേഞ്ചിലുമായി ധാരാളം പള്ളികളിൽ അദ്ദേഹം തന്റെ ആത്മീയ നേതൃത്വം വഴി അജഗണത്തോടൊപ്പം നിന്നു. ഇരട്ടയാർ പള്ളിയിൽ അസ്തേന്തിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച മാത്യു അച്ചൻ തുടർന്ന് കലയന്താനി പള്ളിയിലും സഹവികാരിയായി സേവനം ചെയ്തു. മുട്ടുകാട്, ഉദയഗിരി, കൊച്ചുകാമാക്ഷി, തോക്കുപാറ, രാജകുമാരി, നേര്യമംഗലം, ചുരുളി, കരിമ്പൻ, പാറത്തോട്, ഇഞ്ചൂർ, പെരിങ്ങഴ, തൊടുപുഴ ഈസ്റ്റ്, കോടിക്കുളം, പോത്താനിക്കാട്, ആനിക്കാട്, മൈലക്കൊമ്പ്, എന്നീ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. ഹൈറേഞ്ചിലെ തീർത്തും പരിമിതമായ സാഹചര്യങ്ങളിൽ ദൈവജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരോടൊപ്പം നിന്നയാളാണ് ബഹു. മാത്യു അച്ചൻ. വിവിധ ഇടവകകളിൽ സ്കൂളും അനുബന്ധ സൗകര്യങ്ങളും ഒരുക്കാനും കരിമ്പനിൽ മനോഹരമായ ദൈവാലയം പൂർത്തിയാക്കാനും സാധിച്ചത് അച്ചന്റെ കഠിനാധ്വാനത്തിന്റെയും സംഘാടകമികവിന്റെയും ഫലമാണ്. അച്ചന്റെ തുടർന്നുള്ള പൗരോഹിത്യജീവിതം സന്തോഷകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആയുരാരോഗ്യവും ദൈവാനുഗ്രഹവും നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക്, സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.



# റവ. ഫാ. ജോൺ കൊച്ചുമുട്ടം

ജനനം : 26-11-1946
പൗരോഹിത്യം : 24 – 12 – 1974

ആനിക്കാട് ഇടവകാംഗമായ ബഹു. കൊച്ചുമുട്ടം ജോൺ അച്ചൻ കോതമംഗലം മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ നിന്ന് പരിശീലനം പൂർത്തിയാക്കി 1974 ഡിസംബർ 24–ന് അഭിവന്ദ്യ മാർ മാത്യു പോത്താനാമുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. കടവൂർ, തങ്കമണി പള്ളികളിൽ അസ്തേന്തിയായി ശുശ്രൂഷ ചെയ്തു. ബെഥേൽ, സ്ലീവാമല – കരിമല, മങ്കുവ, നെല്ലിപ്പാറ, രാജമുടി, മുട്ടുകാട്, കുത്തുപാറ, പെരിഞ്ചാംകുട്ടി, പുന്നമറ്റം, കോലടി, വടകോട്, അംബികാപുരം, മീങ്കുന്നം, കാവക്കാട് എന്നി പള്ളികളിൽ വികാരിയായും സേവനം ചെയ്തു. കോഴിക്കോട് സർവ്വകലാശാലയിൽനിന്നും മലയാളം ബിരുദവും കേരള സർവ്വകലാശാലയിൽനിന്നും മലയാളം വിദ്വാനും നേടിയിട്ടുള്ള ജോണച്ചൻ മികച്ച സംഘാടകനും തീക്ഷ്ണമതിയായ അജപാലകനുമാണ്. രൂപതയിലെ വിവിധ ആലോചനാസമിതികളിൽ അംഗമായിരിന്നിട്ടുള്ള ജോണച്ചൻ തന്റെ ബോധ്യങ്ങൾക്കും നിലപാടുകൾക്കുംവേണ്ടി നിലകൊണ്ട വ്യക്തിയായിരുന്നു. അവിഭക്ത കോതമംഗലം രൂപതയ്ക്ക് അച്ചനിലൂടെ ലഭിച്ച നന്മകൾക്ക് നന്ദി പറയുന്നു. തുടർന്നുള്ള കാലം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആരോഗ്യവും ആയുസ്സും നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

# റവ. ഫാ. അഗസ്റ്റിൻ കുന്നപ്പിള്ളിൽ



ജനനം : 22-06-1947

പൗരോഹിത്യം : 22 – 12 – 1975

കരിമണ്ണൂർ ഇടവകാംഗമായ ബഹു. കുന്നപ്പിള്ളിൽ അഗസ്റ്റിൻ അച്ചൻ കോതമംഗലം സെന്റ് ജോസഫ് സെമിനാരി, മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ പഠനവും പരിശീലനവും പൂർത്തിയാക്കി 1975 ഡിസംബർ 22–ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. രാജാക്കാട്, വാഴക്കുളം പള്ളികളിൽ അസ് തേന്തിയായി ശുശ്രൂഷ ചെയ് ത അച്ചൻ ആൽപ്പാറ, കഞ്ഞിക്കുഴി, പഴയരിക്കണ്ടം, വെൺമണി, കാഞ്ചിയാർ, ഈട്ടിത്തോപ്പ് പണിക്കൻകുടി, തിങ്കൾക്കാട്, ചീനിക്കുഴി, പെരിങ്ങാശ്ശേരി, ഉപ്പുകുന്ന്, എല്ലക്കൽ, മുള്ളരിങ്ങാട്, നെല്ലിപ്പാറ, ചെമ്പകപ്പാറ, പാറത്തോട്, കാവക്കാട്, മാറാടി, ഞാറക്കാട് പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ് തു. മികച്ച സംഘാടകനും, പ്രസംഗകനും കലാകാരനുമായ അഗസ്റ്റിൻ അച്ചൻ ഭക്തസംഘടനകളെ സജീവമാക്കുന്നതിൽ സവിശേഷ ശ്രദ്ധ പ്രദർശിപ്പിച്ചു. ഇടവകസമൂഹത്തിന്റെ ആത്മീയ സാമൂഹ്യ ആവശ്യങ്ങളിൽ ധൈര്യപൂർവം അവർക്ക് നേതൃത്വം നൽകാൻ അഗസ്റ്റിൻ അച്ചൻ ശ്രദ്ധാലുവായിരുന്നു. അവിഭക്ത കോതമംഗലം രൂപതയ് ക്ക് അച്ചനിലൂടെ ലഭിച്ച നന്മകൾക്ക് ദൈവത്തിന് നന്ദി പറയുന്നു. തുടർന്നുള്ള ജീവിതകാലം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആയുരാരോഗ്യം നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ് ക്കും സഭയ് ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാ കുടുംബത്തിന്റെ നന്ദിയും സ് നേഹവും അറിയിക്കുന്നു.

## റവ. ഫാ. ജോൺ മറ്റപ്പിള്ളിൽ



ജനനം : 06-12-1946

പൗരോഹിത്യം : 19 – 12 – 1971

നടുക്കര ഇടവകാംഗമായ മറ്റപ്പിള്ളിൽ ബഹു. ജോൺ അച്ചൻ കോതമംഗലം മൈനർ സെമിനാരി, മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1971 ഡിസംബർ 19– ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമൂഴി പിതാവിന്റെ കൈവയ്പ് വഴി പൗരോഹിത്യപ്പട്ടം സ്വീകരിച്ചു. ഇരട്ടയാർ, രാജാക്കാട്, കാന്തിപ്പാറ, തൊടുപുഴ എന്നിവിടങ്ങളിൽ അസ്തേന്തിയായി സേവനം ചെയ്ത ജോണച്ചൻ തെന്നത്തൂർ, തൂക്കുപാലം, ആനക്കുളം, കരിമ്പൻ, ഇടുക്കി, ബൈസൺവാലി, പള്ളിക്കാമുറി, മുളകുവള്ളി, പന്നിമറ്റം, മേത്തൊട്ടി, വാഴക്കാല, അഞ്ചിരി, കടവൂർ, പെരുമ്പല്ലൂർ എന്നീ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്ന് ബി.എ. ബിരുദവും, ബാംഗ്ലൂരിൽ നിന്ന് B.Ed. ബിരുദവും സ്വന്തമാക്കിയ ജോണച്ചൻ നെടുങ്കണ്ടം, മാങ്കുളം, വിമലഗിരി, പൊട്ടൻകാട്, കഞ്ഞിക്കുഴി എന്നീ സ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. മാങ്കുളം സെന്റ് മേരീസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായി സ്തുത്യർഹമായ സേവനം ചെയ്തു. മുവാറ്റുപുഴ നിർമ്മല ഹൈസ്കൂൾ ഹോസ്റ്റൽ വാർഡൻ, രൂപതാ Finance Monitoring Committee Member എന്നീ നിലകളിലും അച്ചന്റെ സേവനം അതുല്യമായിരുന്നു. അദ്ധ്യാപനവും അജപാലനവും വിജയകരമായി നിർവഹിച്ച ജോണച്ചനിലൂടെ കോതമംഗലം–ഇടുക്കി രൂപതകൾക്കും സഭയ്ക്കും ലഭിച്ച അനുഗ്രഹങ്ങൾക്ക് നമുക്കൊരുമിച്ച് നന്ദി പറയാം. അച്ചന്റെ തുടർന്നുള്ള ജീവിതകാലം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആയുരാരോഗ്യം നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## റവ. ഫാ. ജോസ് മോനിപ്പിള്ളി



ജനനം : 14-05-1947
പൗരോഹിത്യം : 03-03-1977

ആനിക്കാട് ഇടവകാംഗമായ ബഹു. മോനിപ്പിള്ളി ജോസ് അച്ചൻ കോതമംഗലം മൈനർ സെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1977 മാർച്ച് 3-ാം തീയതി വൈദികനായി അഭിഷിക്തനായി. കുമ്പൻപാറ, വട്ടിയാർ പള്ളികളുടെ അസ്തേന്തിയായി ശുശ്രൂഷ ആരംഭിച്ചു. വട്ടിയാർ, കുരിശുപാറ, മാങ്കുളം, ആനക്കുളം, ചെമ്പകപ്പാറ, കൊച്ചുകാമാക്ഷി, കുഞ്ചിത്തണ്ണി, കത്തീഡ്രൽ, തൊടുപുഴ, ആയവന, പൈങ്ങോട്ടൂർ എന്നീ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. രൂപതയുടെ വിവിധ ആലോചനാസമിതികളിൽ അംഗമായിരുന്നു ജോസച്ചൻ. ലാളിത്യവും, തീക്ഷ്ണതയും മുഖമുദ്രയാക്കിയ ബഹു. മോനിപ്പിള്ളി അച്ചൻ തന്നെ ഏല്പിക്കുന്ന ഇടവകയുടെ സമഗ്രവികസനത്തിനായി കഠിനാദ്ധ്വാനം ചെയ്യുന്ന വ്യക്തിയാണ്. കർഷകരോടും കാർഷികവൃത്തിയോടും വലിയ സ്നേഹമുള്ള അച്ചൻ ഇൻഫാമിന്റെ പ്രവർത്തനത്തിൽ സംസ്ഥാനതലത്തിൽ നേതൃത്വം വഹിക്കുന്നു. ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അസാധ്യമെന്ന് കരുതുന്ന പലതും സാധ്യമാക്കുവാൻ സവിശേഷസിദ്ധിയുള്ള ജോസ് അച്ചന്റെ സംഘാടകമികവിന്റെയും കഠിനാദ്ധ്വാനത്തിന്റെയും മിഴിവാർന്ന ഉദാഹരണമാണ് പുനർനിർമ്മിച്ച തൊടുപുഴ ടൗൺപള്ളി, നവീകരിച്ച കത്തീഡ്രൽ ദൈവാലയം എന്നിവ. അവിഭക്ത കോതമംഗലം രൂപതയിൽ ആത്മാർത്ഥ ശുശ്രൂഷ ചെയ്ത ജോസച്ചന് നന്ദി. തുടർന്നുള്ള ജീവിതകാലം ആയുരാരോഗ്യവും ആയുസ്സും നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

# റവ. ഫാ. ജോർജ് മുണ്ടയ്ക്കൽ



ജനനം : 12-01-1947
പൗരോഹിത്യം : 18 – 12 – 1972

കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ ബഹു. ജോർജ് മുണ്ടയ്ക്കൽ അച്ചൻ കോതമംഗലം മൈനർ സെമിനാരി, വടവാതൂർ സെമിനാരി, എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 18 – ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. കടവൂർ, തൊടുപുഴ, ഇരട്ടയാർ എന്നീ പള്ളികളിൽ അസ് തേന്തിയായും പള്ളിക്കാമുറി, ഇഞ്ചത്തൊട്ടി, മുള്ളരിങ്ങാട്, രാജമുടി, ഈട്ടിത്തോപ്പ്, ജോസ് ഗിരി, ചാലാശ്ശേരി, ചെമ്മണ്ണാർ, ഉടുമ്പൻചോല, പള്ളിക്കുന്ന്, പൂയംകുട്ടി, മണിക ണ്ഠംചാൽ, പുന്നമറ്റം, ചിലവ്, പൊന്നന്താനം, അരിക്കുഴ, ഏഴല്ലൂർ, തൊമ്മൻകുത്ത്, മാലിപ്പാറ, വണ്ടമറ്റം എന്നീ ഇടവകകളിൽ വികാരി യായും ശുശ്രൂഷ ചെയ് തു. സൗമ്യനും ശാന്തനുമായ ജോർജ് അച്ചൻ ഭക്തിയും കൃത്യനിഷ് ഠയുമുള്ള അജപാലകൻ എന്ന നിലയിൽ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച വ്യക്തിയാണ്. ശുശ്രൂഷ ചെയ് ത ഇടങ്ങളിലെല്ലാം ആത്മാർത്ഥ സേവനം കാഴ് ചവച്ച ജോർജ് അച്ചന് നന്ദി. തുടർന്നുള്ള ജീവിതം അനുഗ്രഹദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബ ത്തിന്റെ നന്ദിയും സ് നേഹവും അറിയിക്കുന്നു.

## റവ. ഫാ. ജോൺ മുരിങ്ങമറ്റം



ജനനം : 20-03-1947
പൗരോഹിത്യം : 03 – 11 – 1973


കരിമണ്ണൂർ ഇടവകാംഗമായ ബഹു. മുരിങ്ങമറ്റം ജോൺ അച്ചൻ കോതമംഗലം മൈനർ സെമിനാരി, പൂന പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1973 നവംബർ 3 – ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. കലയന്താനി, നെടുങ്കണ്ടം, തൂക്കുപാലം എന്നീ പള്ളികളിൽ അസ്തേന്തിയായി ശുശ്രൂഷ ചെയ്തു. കിളിയാർകണ്ടം, മച്ചിപ്ലാവ്, അടിമാലി, നേര്യമംഗലം, വടകോട്, വാഴക്കാല, നെല്ലിക്കുഴി, കാളിയാർ, തഴുവംകുന്ന് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. ബോംബേ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും MSW ബിരുദമുള്ള അച്ചൻ അടിമാലി കേന്ദ്രമാക്കി ഹൈറേഞ്ച് ഡവലപ്മെന്റ് സെന്റർ വഴി നടത്തിയ സേവനങ്ങൾ സമാനതകളില്ലാത്തതാണ്. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി അച്ചൻ ആരംഭിച്ച 'ഗിരി ജ്യോതി' എന്ന പേരിലുള്ള പ്രാഥമിക വിദ്യാലയം അനേകം കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ കാരണമായി. ദുർബലവിഭാഗങ്ങൾക്കായി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സർക്കാർ സഹായത്തോടെ 250 – ൽപരം വീടുകൾ നിർമ്മിച്ച് നൽകി. സാമൂഹ്യപ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നൽകുമ്പോഴും ആത്മീയ കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ പുലർത്തിയ ആളായിരുന്നു ജോൺ അച്ചൻ. കോതമംഗലം മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ സെമിനാരി എന്നിവിടങ്ങളിൽ ആത്മീയപിതാവായുള്ള ജോണച്ചന്റെ ശുശ്രൂഷ അതുല്യമായിരുന്നു. പുതിയ ആശയങ്ങളോട് തുറവിയും തീക്ഷ്ണമായ പ്രവർത്തനശൈലിയും മുരിങ്ങമറ്റം അച്ചനെ വ്യത്യസ്തനാക്കുന്നു. തുടർന്നുള്ള ജീവിതം അനുഗ്രഹദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

# റവ. ഫാ. തോമസ് പെരിയപ്പുറം



ജനനം : 19-02-1947
പൗരോഹിത്യം : 18 – 12 – 1972

ഇഞ്ചൂർ ഇടവകാംഗമായ പെരിയപ്പുറം ബഹു. തോമസ് അച്ചൻ കോതമംഗലം മൈനർ സെമിനാരി, വടവാതൂർ സെമിനാരി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കി 1972 ഡിസംബർ 18 – ന് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. കത്തീഡ്രൽ പള്ളിയിൽ അസ്തേന്തിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച തോമസ് അച്ചൻ വ്യത്യസ്തമായ ശുശ്രൂഷാതലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ചെപ്പുകുളം. അംബികാപുരം, ഇടമലയാർ, കോലടി, നെടിയശാല, കത്തീഡ്രൽ എന്നീ ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. കോതമംഗലം മൈനർ സെമിനാരി വൈസ് റെക്ടർ, അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി, മൂവാറ്റുപുഴ നിർമ്മല കോളേജ് പ്രിൻസിപ്പൽ, മുരിക്കാശ്ശേരി പാവനാത്മ കോളേജ് പ്രിൻസിപ്പൽ, ഇടുക്കി രൂപതയുടെ ആദ്യത്തെ വികാരി ജനറാൾ എന്ന തലങ്ങളിലെല്ലാം തോമസ് അച്ചന്റെ ശുശ്രൂഷ നിസ്തുലമായിരുന്നു. എം. ജി. യൂണിവേഴ്സിറ്റി റിസേർച്ച് ഗൈഡ്, അക്കാദമിക് കൗൺസിൽ മെമ്പർ, ലാറ്റിൻ ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്നീ നിലകളിലും അദ്ദേഹം സേവനം ചെയ്തു. ഗായകനും, വാഗ്മിയും സംഘാടകനുമായ തോമസ് അച്ചന് അധ്യാപനത്തോടൊപ്പം അജപാലനവും ഒരുമിച്ച് കൊണ്ടുപോകാൻ സാധിച്ചു. വ്യത്യസ്ത തലങ്ങളിൽ അച്ചൻ നൽകിയ ശുശ്രൂഷകൾക്കും സേവനങ്ങൾക്കും സ്നേഹപൂർവം നന്ദി അറിയിക്കുന്നു. തുടർന്നുള്ള പൗരോഹിത്യജീവിതം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആയുസ്സും ആരോഗ്യവും നേരുന്നു. ബഹു. അച്ചനിലൂടെ രൂപതയ്ക്കും സഭയ്ക്കും ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് സേവനത്തിന് രൂപതാകുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.



കോതമംഗലം രൂപതയ്ക്ക് വേണ്ടി വൈദിക വസ്ത്രം
സ്വീകരിച്ച എല്ലാ സഹോദരങ്ങൾക്കും
പ്രാർത്ഥനാശംസകൾ...

Deivarajyam
June 2022

R.N.7623/63
Registered No : KL/ALY/0020/2020-2022
Date Of Publication : 01/06/2022
Posted at Thodupuzha Stg.
Annual Subscription ₹100

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691,
Kerala, India
www.eparchyofkothamangalam.com
www.carlotv.com
eparchyofkothamangalam

SCAN NOW

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691